# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/574/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/574/23 തീയ്യതി: 05/04/2023

## കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2022 മുതൽ 07-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക്ക് ജോൺ(എ.ഒ(ഹ.ഗ്രേ))
ശ്രീ.അരുൺകുമാർ.എ(അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.അനീഷ്.എ(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ജയകുമാരിഅമ്മ.ജി(സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എസ്.മുരളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽ.എസ്സ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അശ്വിൻദാസ്.വി.കെ | അസി.എൻജിനീയർ | 01-04-2021 | 05-05-2021 |
| ശ്രീമതി.ആര്യാ മോഹൻ | അസി.എൻജിനീയർ | 06-05-2021 | 31-03-2022 |
| ശ്രീ.ഷായിസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.എം.എ.നിസാം | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.അജീഷ്കുമാർ.ബി.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.രാഗേഷ്.എസ്.ആർ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.വിനോദ് കുമാർ.വി.കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ.ബിനു.കെ | അസി.സെക്രട്ടറി | 01-04-2021 | 16-07-2021 |
| ശ്രീ.രാജീവ്.എൽ | അസി.സെക്രട്ടറി | 17-07-2021 | 21-01-2022 |
| ശ്രീമതി.അർച്ചന.കെ.എസ് | ജൂനിയർ സൂപ്രണ്ട്(അസി.സെക്രട്ടറി ഇൻ-ചാർജ്ജ്) | 22-01-2022 | 28-01-2022 |
| ശ്രീമതി.ഷമീലാബീവി.ഇ | അസി.സെക്രട്ടറി | 29-01-2022 | 31-03-2022 |
| ശ്രീ.രാജു | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റീന.എ | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അഞ്ജനാ കമലൻ.കെ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ശ്രീമതി.സന്ധ്യ.റ്റി.സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-11-2021 | 25-11-2021 |
| ശ്രീമതി.വിജി ചന്ദ്രൻ നായർ.സി.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 26-11-2021 | 31-03-2022 |
| ശ്രീമതി.നജുമാ ബീവി | വി.ഇ.ഒ(ചിതറ സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ പ്രസാദ് | വി.ഇ.ഒ(മാങ്കോട് സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് ഷാഫി | വി.ഇ.ഒ(മടത്തറ സർക്കിൾ) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികക്കണക്കുകളിലെ അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. | 1-11 |
| 13 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13-1 |
| 15 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-13-2 |
| 16 | 2021-22 സാമ്പത്തിക വർഷം വസ്തു നികുതി നിർണയിച്ചതിൽ 4245/-രൂപയുടെ കുറവ്. | 1-14 |
| 17 | MGNREGS - പ്രവൃത്തിമൂല്യത്തിൽ അധികമായി 82,062/-രൂപ വേതനം ഇനത്തിൽ അനുവദിച്ചു. | 1-15 |
| 18 | കരാറുകാരൻ കോട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ തുക അനുവദിച്ചു - 8,707/-രൂപ നിരാകരിക്കുന്നു. | 1-16 |
| 19 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലും അധികമായി പ്രവൃത്തി പൂർത്തിയാക്കി - 2920/-രൂപ അവിദഗ്ധ തൊഴിൽ കൂലി ഇനത്തിൽ ചെലവഴിച്ചു. | 1-17 |
| 20 | പ്രവർത്തനം നിർത്തിയ കോവിഡ് ഫസ്റ്റ് ലൈൻ മാനേജിംഗ് കമ്മിറ്റി ഫണ്ടിൽ 11,561/-രൂപ അവശേഷിക്കുന്നു. | 1-18 |
| 21 | ചിതറ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-സപ്ലൈ ബിൽ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - 1,65,803/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 22 | O.D.F. - കക്കൂസ് നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കില്ല. | 1-20 |
| 23 | സ്റ്റോക്ക് - വിതരണ രേഖകൾ ഹാജരാക്കിയില്ല - 3,22,000/-രൂപ | 1-21 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 24 | ലൈഫ് ഭവനപദ്ധതി - തുക കൈപ്പറ്റിയവർ പണി പൂർത്തിയാക്കിട്ടില്ല. | 1-22 |
| 25 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യാനവശേഷിക്കുന്നു. | 1-23 |
| 26 | ബയോഗ്യാസ് പ്ളാന്റ് വിതരണം - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 2,52,000/-രൂപ തടസത്തിൽ വയ്ക്കുന്നു. | 1-24 |
| 27 | ഗാർഹിക ബയോ ബിൻ വിതരണം - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 429300/-രൂപ തടസത്തിൽ വയ്ക്കുന്നു. | 1-25 |
| 28 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - 1706614/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 29 | പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ - അപാകതകൾ - 1683000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 30 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-അപാകതകൾ-1548271/- രൂപ ധനകാര്യ കമ്മീഷൻ അവാർഡ് തുക തനത് ഫണ്ടായി വകമാറ്റി. | 1-28 |
| 31 | ട്രഷറി അക്കൗണ്ടിൽ നിന്നും കുറവ് ചെയ്ത 186280/- രൂപ തിരികെ ലഭിച്ചില്ല. | 1-29 |
| 32 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - ലേല നടപടികൾ സ്വീകരിച്ച് വില ഈടാക്കണം. | 1-30 |
| 33 | ലൈഫ് വായ്പ തുകയുടെ അക്കൗണ്ടിംഗിൽ അപാകത | 1-31 |
| 34 | വിവിധ അക്കൗണ്ട് ശീർഷകങ്ങളിലെ അക്കൗണ്ടിംഗിലെ അപാകത | 1-32 |
| | ഭാഗം **2** | |
| 1 | 2021-22 സാമ്പത്തിക വർഷം വസ്തു നികുതി നിർണയിച്ചതിൽ 4245 /-രൂപയുടെ കുറവ് | 2-1 |
| | ഭാഗം **3** | |
| 1 | MGNREGS - പ്രവൃത്തിമൂല്യത്തിലധികമായി 82062/-രൂപ വേതനം ഇനത്തിൽ അനുവദിച്ചു | 3-1 |
| 2 | കരാറുകാരൻ കോട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ തുക അനുവദിച്ചു- 8707/-രൂ. നിരാകരിക്കുന്നു. | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19.2.21 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26.2.22 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.22 | 10.6.22 | - | - |

### 1-2.1 വാർഷികക്കണക്കുകളിലെ അപാകതകൾ

2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) ലൈഫ് വായ്പ തുകയുടെ അക്കൗണ്ടിംഗിൽ അപാകത (ഖണ്ഡിക -1-31 കാണുക)

എ) വായപയിനത്തിൽ ലഭ്യമായ തുകയിൽ നിന്നും അധികമായി 868875/- രൂപ ചെലവഴിച്ചു

ബി) ലൈഫ് ലോൺ വിതരണ ബാക്കി - വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല

സി. ലൈഫ് ലോൺ തിരിച്ചടവ് -6000/-രൂപ വ്യത്യാസം

2) വിവിധ അക്കൗണ്ട് ശീർഷകങ്ങളിലെ അക്കൗണ്ടിംഗിലെ അപാകത (ഖണ്ഡിക 1-32 കാണുക)

എ) അക്കൗണ്ട് ശീർഷകം 320300199 ലൈഫ് സ്റ്റേറ്റ് ഷെയർ - 100000/- രൂപ ചെലവ് രേഖപ്പെടുത്തിയില്ല

ബി) അക്കൗണ്ട് ശീർഷകം 320100115 (Total Sanitation Campaign) ൽ - 591800/- രൂപ ചെലവ് രേഖപ്പെടുത്തിയില്ല.

സി) അക്കൗണ്ട് ശീർഷകം 320100121 ( ICDS) 331700/- രൂപയുടെ ചെലവ് അധികമായി രേഖപ്പെടുത്തി.

ഡി) അക്കൗണ്ട് ശീർഷകം 320800101- ഗുണഭോക്തൃവിഹിതം 216600/-രൂപയുടെ ചെലവ് രേഖപ്പെടുത്തിയില്ല

ഇ) 460500201 -Deposit With Water Authority-യിൽ 4646200/രൂപയുടെ ചെലവ് രേഖപ്പെടുത്തിയില്ല

എഫ്) 1683000/- രൂപയുടെ ചെലവ് മുൻകൂർ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

ജി) 300000/-രൂപയുടെ ചെലവ് അക്കൗണ്ട് ശീർഷകം 320700204- Contribution For Joint Venture Project -Block Panchayth—ൽ ഉൾപ്പെടുത്തിയില്ല

എച്ച്) 150000/-രൂപയുടെ ചെലവ് അക്കൗണ്ട് ശീർഷകം 320700205- Contribution For Joint Venture Project -District Panchayth—ൽ ഉൾപ്പെടുത്തിയില്ല

3) ധനകാര്യകമ്മീഷൻ ഗ്രാന്റ് - ബേസിക്, ടൈഡ് എന്നിവയക്ക് പ്രത്യേകം ശീർഷകം ഉൾപ്പെടുത്തിയില്ല

4) ലൈഫ് മിഷൻ പദ്ധതി -SBI A/c No 38069067227 ന്റെ 2021-22 സാമ്പത്തിക വർഷത്തെ റീ-കൺസിലിയേഷൻ പത്രിക ഓഡിറ്റിന് ഹാജരാക്കിയില്ല
ഓഡിറ്റ് എൻക്വയറി (06/14-02-2023)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27899023/- |
| വരവ് | 169298910/- |
| ആകെ | 197197933/- |
| ചെലവ് | 165706607/- |
| നീക്കിയിരിപ്പ് | 31491326/- |
| വരവിനങ്ങളിലെ നഷ്ടം | 475435/- |
| ചെലവിനത്തിലുള്ള നഷ്ടം/ അംഗീകരിക്കാത്ത തുക | 90769/- |
| തടസ്സപ്പെടുത്തിയ തുക | 4953717/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 35320060/- | 35320060/- | 34979658/- | 340402/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 16141452/- | 16141452/- | 16134000/- | 7452/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1202185/- | 1202185/- | 1082882/- | 119303/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 17918800/- | 17918800/- | 13829702/- | 4089098/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 11695287/- | 11695287/- | 6609568/- | 5085719/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) (ACR പ്രകാരം) | | 0 | 9771000/- | 9771000/- | 6185200/- | 3585800/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | | 0 | 6664437/- (6514000+ 150437-Int) | 6664437/- | 3524267/- | 3140170/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | | 0 | 7092076/- | 7092076/- | 4834937/- | 2257139/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | | 0 | 2766095/- | 2766095/- | 1875041/- | 891054/- |
| ബി-ഫണ്ട് | | - | 310320/- | 310320/- | 310320/- | - |
| സാക്ഷരത | | 5473/- | 110/- | 5583/- | 0 | 5583/- |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 101929155/- | 101929155/- | 101929155/- | 0 |
| | അഡ്മിനിസ്ട്രേറ്റീവ് | 18001/- | 949142/- | 967143/- | 964980/- | 2163/- |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ICDS | | 3102138/- | 2219782/- | 5321920/- | 3369822/- | 1952098/- |
| TSC | | 6519103/- | 230000/- | 6749103/- | 3181611/- | 3567492/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ലൈഫ് -സ്റ്റേറ്റ് ഷെയർ | | 38248/- | 18900000/- | 18938248/- | 14882000/- | 4056248/- |
| കോർപ്പസ് ഫണ്ട് | | 967179/- | 0 | 967179/- | 271627/- | 695552/- |
| കുടുംബശ്രീ | | 156600/- | 0 | 156600/- | 0 | 156600/- |
| JPP | | 261715/- | 5260/- | 266975/- | 0 | 266975/- |
| പെൻഷൻ | | 19410/- | 390/- | 19800/- | 0 | 19800/- |
| യൂറോ കമ്മീഷൻ | | 13469/- | 271/- | 13740/- | 0 | 13740/- |
| റ്റി.സി.അക്കൌണ്ട് | | 213129/- | 6249/- | 219378/- | 0 | 219378/- |
| പ്ലാൻ ഇംപ്രസ്റ്റ് | | 10229/- | 205/- | 10434/- | 0 | 10434/- |

വാർഷിക കണക്ക് പ്രകാരം ലൈഫ് സ്റ്റേറ്റ് ഷെയർ ശീർഷകത്തിലെ അപാകത ഖ 1-2.1.2 ലും, ടി.എസ്.സി ശീർഷകത്തിലെ അപാകത ഖ 1-2.1.3 ലും, ICDS ശീർഷകത്തിലെ അപാകത ഖ 1-2.1.4 ലും പ്രതിപാദിച്ചിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 296015829/- | 106 | 137681495/- | 18 | 78 | 46.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹/- | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18001/- | 949142/- | 967143/- | 964980/- | 2163/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 101929155/- | 101929155/- | 0 | 101929155/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 10320/- |
| കർഷകതൊഴിലാളി പെൻഷൻ | 6618400/- |
| വിധവാപെൻഷൻ | 49232100/- |
| വാർദ്ധക്യകാലപെൻഷൻ | 77086500/- |
| വികലാംഗപെൻഷൻ | 13227500/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 583800/- |

| | |
|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2023 ന് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51,687/-രൂപ (50437 Cash + 1250 Cheque) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/1/23 | 10/22 മുതൽ 12/22 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4/2/18 | 13-14 മുതൽ 17-18വരെ | 23/8/18 |

## 1-11 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഗേറ്റ് ഫീസ് പിരിവ്, ഇറച്ചി വ്യാപാരം എന്നിവ നടത്തുന്നതിനുള്ള അവകാശം വിവിധ വ്യക്തികൾക്ക് ലേലം ചെയ്തു നൽകിയതിൽ ചുവടെപ്പറയുന്ന വ്യക്തികൾ ലേലതുക പൂർണ്ണമായും ഒടുക്കവരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലയിനം | ലേലക്കാരന്റെ പേര് | ലേലത്തുക (ജി.എസ്.റ്റി ഉൾപ്പെടെ) | ഒടുക്കിയതുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | ഐരക്കുഴി പബ്ലിക്ക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം | ശ്രീ.അമീൻപിള്ള | 10234/- | 8000/- | 2234/- |
| 2 | കിഴക്കുംഭാഗം മാർക്കറ്റിൽ | ശ്രീ.മുഹമ്മദ് | 478380/- | 20000/- | 458380/- |

| | | | | | |
|---|---|---|---|---|---|
| | താൽക്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | റാസി | | | |
| 3 | കൊല്ലായിൽ പബ്ലിക്ക് മാർക്കറ്റിൽ ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം | ശ്രീ.അനസ് | 15946/- | 12600/- | 3346/- |
| 4 | വളവ് പച്ച മാർക്കറ്റ് ഗേറ്റ് ഫീസ് | ശ്രീ.അനസ് | 20230/- | 13000/- | 7230/- |
| | ആകെ | | | | 471190/- |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി 5/13/02/2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ വ്യക്തികൾക്ക് എതിരെ റവന്യു റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു. ഫയൽ പരിശോധിച്ചതിൽ ക്രമ നം.1, 2, 4 എന്നിവർ എഗ്രിമെന്റ് വച്ചിട്ടില്ല. എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ലേലക്കുടിശ്ശിക വരുത്തിയവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് കഴിയില്ല. ലേലവ്യവസ്ഥകൾ ഖ.7 പ്രകാരം ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം 200/- രൂപയിൽ കുറയാത്ത സംഖ്യയുള്ള മുദ്രപ്പത്രത്തിൽ കരാർ വയ്ക്കേണ്ടതാണെന്നും ലേലത്തുക ഒട്ടാകെ ഒടുക്ക് വരുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. കരാർ വയ്ക്കാത്തതിനാൽ ലേല കുടിശ്ശിക ഈടാക്കുന്നതിന് നിയമനടപടികൾക്ക് സാധ്യത ഇല്ലാത്തതിനാൽ ലേലം ഉറപ്പിച്ച നൽകിയ സെക്രട്ടറിയിൽ നിന്നും ലേല ഇനത്തിലെ നഷ്ടതുക 471190/- രൂപ ഈടാക്കേണ്ടതാണ്.

വരവ് നഷ്ടം - 471190/- രൂപ
ഓഡിറ്റ് എൻക്വയറി നം. 5/13.02.23

1-12 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല. 2021-22 വർഷം ലഭിക്കാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക (നികുതി ഉൾപ്പെടെ) | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1. | ചക്കമല ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.2 | ശ്രീ.സുരേന്ദ്രൻ നിഷാഭവൻ | 620/- | 4-21 മുതൽ 06-21 & 1-22 മുതൽ 03-22 വരെ | 3720/- |
| 2. | | ശ്രീ.അബ്ദുൾ റഹീം | 751/- | 1-22 മുതൽ 03-22 വരെ | 2253/- |
| 3. | | ശ്രീമതി.സഫീന | 595/- | 1-22 മുതൽ 03-22 വരെ | 1785/- |
| 4. | | ശ്രീ.ബിജു | 480/- | 06-21, 1-22 മുതൽ 03-22 വരെ | 1952/- |
| | ആകെ | | | | 9710/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 5/13.2.23) കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. കുടിശ്ശികയുള്ള വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-13-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, ചിതറ | I & II |
| 2 | ബി.എസ്.എൻ.എൽ. ചിതറ | I & II |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, ചിതറ | I & II |
| 4 | എൻ.എൻ.ഹോസ്പിറ്റൽ, ചിതറ | I & II |
| 5 | കേരള ഗ്രാമീൺ ബാങ്ക്, മടത്തറ | I & II |
| 6 | എസ്.എസ്.ഫ്യൂവൽസ്, ചിതറ | I & II |
| 7 | കേരള വാട്ടർ അതോറിറ്റി, ചിതറ | I & II |
| 8 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ്, ചിതറ | I & II |
| 9 | ചിതറ റൂറൽ സഹകരണ ബാങ്ക്, ചിതറ | I & II |
| 10 | പോബ്സ് എന്റർപ്രൈസസ് | I & II |
| 11 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, മടത്തറ | I & II |
| 12 | മാവേലി സ്റ്റോർ, മടത്തറ | I & II |
| 13 | ശ്രീകൃഷ്ണ ഡെന്റൽ ക്ലിനിക്, ചിതറ | I & II |
| 14 | ഐറിസ് ഓഡിറ്റോറിയം, ചിതറ കിഴക്കുംഭാഗം | I & II |
| 15 | ഡോ.പൽപ്പു കോളേജ് ഓഫ് ആർട്സ് & സയൻസ് | I & II |
| 16 | ഇന്ത്യൻ ബാങ്ക്, ചിതറ | I & II |
| 17 | ഷാബാസ് ഓഡിറ്റോറിയം, ചിതറ | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.14/15.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-13-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എ.പി.ആർ.എം.സ്കൂൾ, ചിതറ | II |

| | | |
|---|---|---|
| 2 | അൽ-മനാർ എൽ.പി.എസ്, വളവുപച്ച | II |
| 3 | ജവഹർ യു.പി.എസ് | II |
| 4 | കേരള വാട്ടർ അതോറിറ്റി, ചിതറ | II |
| 5 | വില്ലേജ് ഓഫീസ്, ചിതറ | II |
| 6 | ചിതറ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |
| 7 | എൻ.എച്ച്.എം.(ഹോമിയോ), ചിതറ | II |
| 8 | ഗവ.ട്രൈബൽ യു.പി.എസ്, ഇടപ്പണ | I |
| 9 | SSM,ചിതറ | II |
| 10 | അക്ഷയ ക്വാറി, ചിതറ | I & II |
| 11 | കെ.പി.ക്രഷർ & ക്വാറി, ചിതറ | I & II |
| 12 | അക്ഷയ് എം സാന്റ് | I & II |
| 13 | അൽ-ഫാത്തിമ ക്രഷർ | I & II |
| 14 | അനന്തപുരി ബ്ലൂ മെറ്റൽസ് | I & II |
| 15 | സത്യം ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | I & II |
| 16 | ചിതറ ക്രഷർ മെറ്റൽസ് | I & II |
| 17 | കെ.പി.ഗ്രാനൈറ്റ് വർക്ക് | II |
| 18 | എൻ.എൻ.ഹോസ്പിറ്റൽ | II |
| 19 | കെ.പി.ക്രഷർ | I & II |
| 20 | അനന്തപുരി ക്രഷർ | I & II |
| 21 | അനന്തപുരി എം-സാന്റ് യൂണിറ്റ് | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും റേഷൻ കട ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 14/15.2.2023

1-14 2021-22 സാമ്പത്തിക വർഷം വസ്തു നികുതി നിർണയിച്ചതിൽ 4245/-രൂപയുടെ കുറവ്.

2021-22 സാമ്പത്തിക വർഷം വസ്തു നികുതി നിർണയിച്ചതിൽ 4245/- രൂപയുടെ കുറവ് വന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) വസ്തു നികുതി നിർണയിച്ചതിൽ 122.4 ച.മി ഒഴിവാക്കിയും വഴി സൌകര്യം പരിഗണിക്കാതെയും വസ്തു നികുതി നിർണയിച്ചതിൽ 3117/-രൂപയുടെ കുറവ്

ശ്രീമതി ഷംല/ഹക്കിം, ഷബീർ ഭവൻ കൊല്ലയിൽ, കാറ്റിൽ ഫീഡ് നിർമ്മാണ യൂണിറ്റിന് വസ്തു നികുതി നിർണയിക്കുന്നതിന് സമർപ്പിച്ച അപേക്ഷയോടോപ്പമുള്ള കംപ്ലീഷൻ പ്ലാൻ (അസി.എഞ്ചിനീയർ അംഗീകരിച്ചത്) പ്രകാരം ആകെ 268.15 ച.മീ. ( പാർപ്പിടാവശ്യം 36.85 ച.മീ + ഇതര വ്യവസായം 108.9

ച.മീ + സ്റ്റോറേജ്/ ഡംപിംഗ് യാർഡ് 122.4 ച.മീ) തറ വിസ്തീർണമാണുള്ളത്. എന്നാൽ 122.4 ച.മീ സ്റ്റോറേജ്/ഡംപിംഗ് യാർഡ് ഒഴിവാക്കിയും കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിലോട്ടുള്ള 8 മീ. വഴിസൗകര്യം പരിഗണിക്കാതെയുമാണ് വസ്തു നികുതി നിർണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വസ്തു നികുതി നിർണയിച്ചത് | | വസ്തു നികുതി നിർണയിക്കേണ്ടിയിരുന്നത് | |
|---|---|---|---|---|
| കെട്ടിട നമ്പർ XII/358 A – പാർപ്പിടാവശ്യം | | | | |
| തറ വിസ്തീർണം | 36.85ച.മീ*6 | 221.1 | 36.85ച.മീ*6 | 221.1 |
| മേഖല | തൃതീയം -20 % | -44.22 | തൃതീയം -20 % | -44.22 |
| വഴി സൗകര്യം | 1.5 മീ | 0 | 8. മീ | 44..22 |
| ആകെ | | 177 | | 221 |
| ലൈ.സെസ് | | 9 | | 11 |
| വസ്തു നികുതി | | 186 | | 232 |
| വ്യത്യാസം | | | | 46 |
| കെട്ടിട നമ്പർ XII/358 B- ഇതര വ്യവസായം | | | | |
| തറ വിസ്തീർണം | 108.9ച.മീ*50 | 5445 | 108.9 ച.മീ*50 | 5445 |
| മേഖല | തൃതീയം -20 % | -1089 | തൃതീയം -20 % | -1089 |
| വഴി സൗകര്യം | 1.5 മീ | 0 | 8. മീ +20 % | 1089 |
| മേൽക്കൂര | ടിൻ -10% | - 544.5 | ടിൻ -10% | -544.5 |
| ആകെ | | 3812 | | 4901 |
| ലൈബ്രറി സെസ് | | 191 | | 245 |
| വസ്തു നികുതി | | 4003 | | 5146 |
| വ്യത്യാസം | | | | 1143 |
| കെട്ടിടം – സ്റ്റോറേജ്/ഡംപിംഗ് യാർഡ് – 122.4 (വ്യവസായ ആവശ്യത്തിനുള്ള ഷെഡ്) | | | | |
| തറ വിസ്തീർണം | 122.4ച.മീ* | 0 | 122.4ച.മീ*15 | 1836 |
| മേഖല | തൃതീയം – 20 % | | തൃതീയം – 20 % | -367.2 |
| വഴി സൗകര്യം | 1.5 മീ | | 8. മീ +20 % | 367.2 |
| മേൽക്കൂര | | | | |
| ആകെ | | | | 1836 |
| ലൈ.സെസ് | | | | 92 |
| വസ്തു നികുതി | | 0 | | 1928 |
| വ്യത്യാസം | | | | 1928 |
| ആകെ കുറവ് | | | | 3117 |

<u>ബി) വഴി സൗകര്യം പരിഗണിച്ചില്ല- വസ്തു നികുതി നിർണയിച്ചതിൽ 687/-രൂപയുടെ കുറവ്</u>

ശ്രീമതി ഫസീല, കുന്നത്ത് വീട്, കൊല്ലയിൽ വസ്തു നികുതി നിർണയിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിലെ അസി.എഞ്ചിനീയർ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 8 മീ. വീതിയുള്ള വഴി സൗകര്യം ഉണ്ട്. ആയത് പരിഗണിക്കാതെ വസ്തു നികുതി നിർണയിച്ചത് മൂലം 687/-രൂപയുടെ കുറവ് വന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വസ്തു നികുതി നിർണയിച്ചത് | വസ്തു നികുതി നിർണയിക്കേണ്ടിയിരുന്നത് |
|---|---|---|

| | | | | |
|---|---|---|---|---|
| കെട്ടിട നമ്പർ XIII/ 798A, 798B, 798C - വാണിജ്യം | | | | |
| തറ വിസ്തീർണം | 18.14 ച.മീ*60 | 1088.4 | 18.4ച.മീ*60 | 1088.4 |
| മേഖല | തൃതീയം -20 % | -217.68 | തൃതീയം – 20 % | -217.68 |
| വഴി സൗകര്യം | 1.5 മീ | 0 | 8. മീ | 217.68 |
| ആകെ | | 871 | | 1089 |
| ലൈ.സെസ് | | 44 | | 55 |
| വസ്തു നികുതി | | 915 | | 1144 |
| വ്യത്യാസം | | | | 229*3 = 687 |

ബി) മേഖല പരിഗണിച്ചില്ല - വസ്തു നികുതി നിർണയിച്ചതിൽ 441/-രൂപയുടെ കുറവ്

ശ്രീ.ഷാനവാസ്, ഷാനവാസ് മൻസിൽ ബൗണ്ടർമുക്ക്, വസ്തു നികുതി നിർണയിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിലെ അസി.എഞ്ചിനീയർ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടം കിഴക്കംഭാഗം ഭജനമഠം റോഡിനോട് ചേർന്നാണ് നിർമ്മിച്ചിരിക്കുന്നത്. 08/12/2011 ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനം പ്രകാരം കിഴക്കംഭാഗം ഭജനമഠം റോഡിന് 50 മീറ്റർ വരെയുള്ള പ്രദേശം പ്രഥമ മേഖലയാണ്. ആയത് പരിഗണിക്കാതെ വസ്തു നികുതി നിർണയിച്ചത് മൂലം 441/-രൂപയുടെ കുറവ് വന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വസ്തു നികുതി നിർണയിച്ചത് | | വസ്തു നികുതി നിർണയിക്കേണ്ടിയിരുന്നത് | |
|---|---|---|---|---|
| കെട്ടിട നമ്പർ XVII/ 178B, 178C, 178D - വാണിജ്യം | | | | |
| തറ വിസ്തീർണം | 23.33ച.മീ*60 | 1399.8 | 36.85ച.മീ*6 | 1399.8 |
| മേഖല | ദ്വിതീയം -10 % | -139.98 | പ്രഥമം - | |
| വഴി സൗകര്യം | 8മീ | 279.96 | 8. മീ | 279.96 |
| ആകെ | | 1540 | | 1680 |
| ലൈ.സെസ് | | 77 | | 84 |
| വസ്തു നികുതി | | 1617 | | 1764 |
| വ്യത്യാസം | | | | 147*3 =441 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/15-02-2023) ന് മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി നിർണയിച്ചതിൽ 4245/- രൂപയുടെ കുറവ് പരിഹരിക്കേണ്ടതാണ്.

1-15 MGNREGS - പ്രവൃത്തിമൂല്യത്തിൽ അധികമായി 82,062/-രൂപ വേതനം ഇനത്തിൽ അനുവദിച്ചു.

അളവ് പുസ്തകം പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തി മൂല്യത്തിലധികം തുക പ്രസ്തുത പ്രവൃത്തിക്ക് മനുഷ്യ ദിനങ്ങൾ കണക്കാക്കുന്നതിനായി പരിഗണിച്ചത് മൂലം 82062/-രൂപയുടെ മനുഷ്യദിനങ്ങൾ ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

1) അരിപ്പൽ വാർഡിലെ വഞ്ചിയോട് നീർത്തടത്തിലെ നാട്ട്കല്ല് പ്രദേശത്ത് തട്ട് തിരിക്കൽ–വേതനം ഇനത്തിൽ 33174/- രൂപ അധികം വിതരണം ചെയ്തു

എ) പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതിന്റെ വിശദാംശം

| |
|---|
| പ്രവൃത്തിയുടെ പേര് - അരിപ്പൽ വാർഡിലെ വഞ്ചിയോട് നീർത്തടത്തിലെ നാട്ട്കല്ല് |

പ്രദേശത്ത് തട്ട് തിരിക്കൽ

വർക്ക് കോഡ് -Wc432178

Ts.No - 1613002002/2021-2022/109818/TS Dt 19/06/2021

TS Amount - 211036/-

പ്രവർത്തി കാലയളവ്- 30/06/2021 – 06/09/2021

MB.No 203/2021-22 പേജ് 1-9

| ഐറ്റം | അളവ് പുസ്തകം പേജ് നം | അളവ് | നിരക്ക് | തുക (രൂപ) |
|---|---|---|---|---|
| സൈറ്റ് ക്ലീയറൻസ് 80.T.M.C2 | 6 | 3750 | 13.968 | 52380/- |
| തട്ട് തിരിക്കൽ – എർത്ത് വർക്ക് എക്സകവേഷൻ 80.8.277 | 8 | 750 | 200.208 | 150156/- |
| പ്രവൃത്തി മൂല്യം (വേതനത്തിന് പരിഗണിക്കാവുന്നത്) | 8 | | | 202536/- |
| പണിയായുധ കൂലി | 9 | | | 4050/- |
| ആകെ അനുവദിക്കാവുന്ന തുക | | | | 206586/- |
| അനുവദിച്ച തുക | 9 | | | 239760/- |

ബി) തുക വിതരണം ചെയ്തതിന്റെ വിശദാംശം

| | മസ്റ്റർ റോൾ നം | തീയതി | | | | | |
|---|---|---|---|---|---|---|---|
| WC/432178 | 2619-2620 | 30/06-06/07 | 235 | 13677 | 195050 | 12/7/2021 | 888 |
| | | | | | 195058 | 12/7/2021 | 1480 |
| | | | | | 195078 | 12/7/2021 | 4144 |
| | | | | | 195119 | 12/7/2021 | 7400 |
| | 2621-22 | 07/07-13/07 | 325 | 18915 | 220561 | 16/07/2021 | 8288 |
| | | | | | 220570 | 16/07/2021 | 10952 |
| | 2623-24 | 14/07-20/07 | 210 | 12222 | 237849 | 23/07/2021 | 1480 |
| | | | | | 237852 | 23/07/2021 | 1480 |
| | | | | | 237855 | 23/07/2021 | 2960 |
| | | | | | 237860 | 23/07/2021 | 6512 |
| | 7577-81 | 04/08-10/08 | 910 | 52962 | 329908 | 13/08/2021 | 2960 |
| | | | | | 329913 | 13/08/2021 | 3256 |
| | | | | | 329921 | 13/08/2021 | 21608 |
| | | | | | 329945 | 13/08/2021 | 26048 |
| | 7582-85 | 11/08-13/08 | 415 | 24153 | 338223 | 17/08/2021 | 2072 |
| | | | | | 338225 | 17/08/2021 | 2072 |
| | | | | | 338227 | 17/08/2021 | 11248 |
| | | | | | 338229 | 17/08/2021 | 15096 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 8920-24 | 24/08-30/08 | 915 | 53253 | 23529 | 09/03/2021 | 54168 |
| | 8925-29 | 31/08-06/09 | 940 | 54708 | 24741 | 09/08/2021 | 55648 |
| | | | 3950 | 229890 | | | 239760 |
| | | | | | | | |
| | മസ്റ്റർ റോൾ പ്രകാരം ചെലവ് തുക – 233840 | | | | | | |
| | FTO പ്രകാരം ചെലവ് തുക-239760 | | | | | | |
| | മസ്റ്റർ റോൾ, FTO എന്നിവ തമ്മിലുള്ള വ്യത്യാസം - 5920 | | | | | | |

മനുഷ്യ ദിനങ്ങൾക്ക് പരിഗണിക്കാവുന്ന പ്രവൃത്തി മൂല്യം – 202536/-

പ്രവൃത്തി മൂല്യത്തിനനസൃതമായി അനുവദിക്കാവുന്ന മനുഷ്യ ദിനം - 202536/291 = 696

അളവ് പുസ്തകം പേജ് നം. 11 MIS REPORT

എന്നിവ പ്രകാരം അനുവദിച്ച മനുഷ്യ ദിനം = 810

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനം = 114

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനത്തിന്റെ മൂല്യം = 33174

33174/-രൂപയുടെ മനുഷ്യദിനങ്ങൾക്ക് ആധാരമായ അളവ് എം ബുക്കിലില്ലാതെ തുക അനുവദിച്ചതിനും MGNREGS Accredited Engineer ന്റെ Valuation Certificate ഇല്ലാതെ FTO/ ക്ക് സെക്രട്ടറി അംഗീകാരം നൽകിയതിനും മസ്ററർ റോൾ, FTO എന്നിവ തമ്മിലുള്ള വ്യത്യാസത്തിനും വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13/15-02-2023 ന് ലഭ്യമാക്കിയ മറുപടിയിൽ അരിപ്പൽ വാർഡിലെ വഞ്ചിയോട് നീർത്തടത്തിലെ നാട്ടുകല്ല് പ്രദേശത്ത് തട്ടുതിരിക്കൽ (Wc/432178) എന്ന പ്രവർത്തിക്ക് 114 തൊഴിൽ ദിനങ്ങൾ അധികരിച്ച് ചെയ്തിരുന്നു എന്നും ടി തൊഴിൽ ദിനങ്ങളുടെ വേതനം തൊഴിലാളികളുടെ അക്കൌണ്ടിലേക്ക് മാത്രമാണ് നൽകിയിട്ടുള്ളത്. ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അധികമായി അനുവദിച്ച തൊഴിൽ ദിനത്തിന് ആനുപാതികമായ അളവിൽ തൊഴിലാളികളെകൊണ്ട് പ്രവൃത്തി ചെയ്യിപ്പിച്ചിരുന്നുവെന്നും മറുപടി ലഭ്യമാക്കി. എന്നാൽ എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവയിലില്ലാത്ത അളവിന് 33174/-രൂപ അനുവദിച്ചത് അംഗീകരിക്കുന്നില്ല.

2) ചിതറ വാർഡിലെ പെരിങ്ങോട് നീർത്തടത്തിലെ കയ്യാലനിർമ്മാണം കോത്തല അംഗൻവാടി പ്രദേശം വേതനം ഇനത്തിൽ – 25317/-രൂപ അധികം വിതരണം ചെയ്തു

എ) പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതിന്റ വിശദാംശം

പ്രവൃത്തിയുടെ പേര് - ചിതറ വാർഡിലെ പെരിങ്ങോട് നീർത്തടത്തിലെ കയ്യാല നിർമ്മാണം കോത്തല അംഗൻവാടി പ്രദേശം

വർക്ക് കോഡ് – Wc441124

Ts.No- 1613002002/2021-2022/11473 7/TS Dt 24/07/2021

TS Amount - 234419/-

പ്രവർത്തി കാലയളവ് - 24/08/2021 – 19/10/2021

MB.No 75/2021-22 പേജ് 1-14

| ഐറ്റം | അളവ് പുസ്തകം പേജ് നം | അളവ് | നിരക്ക് | തുക (രൂപ) |
|---|---|---|---|---|
| സൈറ്റ് ക്ലീയറൻസ് | 11 | 480 | 13.968 | 6704.64/- |

| | | | | |
|---|---|---|---|---|
| 80.T.M.C2 | | | | |
| മൺകയ്യാല – എർത്ത് വർക്ക് എക്സകവേഷൻ 80.TM.A2.1.1 | 11 | 360 | 177.699 | 63971.64/- |
| മൺകയ്യാല -എർത്ത് വർക്ക് എക്സകവേഷൻ അഡീഷണൽ ലിഫ്റ്റ് 80.TM.A2.1.3 | 12 | 67.5 | 7.762 | 521.5/- |
| കല്ല് കയ്യാല --എർത്ത് വർക്ക് എക്സകവേഷൻ 80.8.277 | 12 | 36 | 200.208 | 7207.49/- |
| കല്ല് കയ്യാല 8.8.6 | 12 | 108 | 1062.15 | 114712.2/- |
| ജൈവ വേലി 80.TM.D9 | 13 | 600 | 54.17 | 32502/- |
| ആകെ പ്രവൃത്തി മൂല്യം (വേതനത്തിന് പരിഗണിക്കാവുന്നത്) | 13 | | | 225619.47/- |
| പണിയായുധ കൂലി | 14 | | | 4315/- |
| ആകെ അനുവദിക്കാവുന്ന തുക | | | | 229934.47/- |
| അനുവദിച്ച തുക | | | | 255448/- |

ബി) തുക വിതരണം ചെയ്തതിന്റെ വിശദാംശം

| മസ്റ്റർ റോൾ നം | തീയതി | പണിയായുധ കൂലി | വേതനം | Wage List | തീയതി | തുക(രൂപ) |
|---|---|---|---|---|---|---|
| 9544-49 | 24/08-30/08 | 605 | 35211 | 23526 | 09/03/2021 | 35816/- |
| 13441-445 | 10/09-16/09 | 845 | 49178 | 28564 | 18/09/2021 | 50024/- |
| 13446-450 | 17/09-23/09 | 900 | 52380 | 30969 | 24/09/2021 | 53280/- |
| 18572-77 | 06/10-12/10 | 1070 | 62274 | 39348 | 18/10/2021 | 63344/- |
| 18578-18583 | 13/10-19/10 | 895 | 52089 | 42014 | 23/10/2021 | 52984/- |
| | | 4315 | 251132 | | | 25544/- |

മനുഷ്യ ദിനങ്ങൾക്ക് പരിഗണിക്കാവുന്ന പ്രവൃത്തി മൂല്യം – 225619.47/-

പ്രവൃത്തി മൂല്യത്തിനനുസൃതമായി അനുവദിക്കാവുന്ന മനുഷ്യ ദിനം - 225619.47 / 291 =775.32

അളവ് പുസ്തകം പേജ് നം 11 - MIS REPORT

എന്നിവ പ്രകാരം അനുവദിച്ച മനുഷ്യ ദിനം = 863

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനം = 87

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനത്തിന്റെ മൂല്യം = 25317

25317/-രൂപയുടെ മനുഷ്യദിനങ്ങൾക്ക് ആധാരമായ അളവ് എം ബുക്കിലില്ലാതെ തുക അനുവദിച്ചതിനും MGNREGS Accredited Engineer ന്റെ Valuation Certificate ഇല്ലാതെ FTO/ ക്ക് സെക്രട്ടറി അംഗീകാരം നൽകിയതിനും വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 10/15-02-2023 ന് ലഭ്യമാക്കിയ മറുപടിയിൽ ചിതറ വാർഡിലെ പെരിങ്ങാട് നീർത്തടത്തിലെ കയ്യാല നിർമ്മാണം കോത്തല അംഗൻവാടി പ്രദേശം (Wc/441124) എന്ന പ്രവർത്തിക്ക് 87 തൊഴിൽ ദിനങ്ങൾ അധികം നൽകിയത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അധികരിച്ച തൊഴിൽ ദിനത്തിന് ആനുപാതികമായ അളവിൽ തൊഴിലാളികളെകൊണ്ട് പ്രവർത്തിയും ചെയ്യിപ്പിച്ചിരുന്നു എന്നും ടി തൊഴിൽ ദിനങ്ങളുടെ വേതനം തൊഴിലാളികളുടെ അക്കൌണ്ടിലേക്ക് മാത്രമാണ് നൽകിയിട്ടുള്ളത് എന്നും മറുപടി നൽകി. എന്നാൽ എസ്റ്റിമേറ്റ്, എം ബുക്ക്

എന്നിവയിലില്ലാത്ത അളവിന് 25317/-രൂപ അനുവദിച്ചത് അംഗീകരിക്കുന്നില്ല.

3) കാരറ വാർഡിലെ വഞ്ചീയോട് നീർത്തടത്തിലെ കാരറ അംഗൻവാടി പ്രദേശത്ത് മഴക്കുഴി നിർമ്മാണം – വേതനം ഇനത്തിൽ 11640/- രൂപ അധികം വിതരണം ചെയ്തു

എ) പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതിന്റ വിശദാംശം

പ്രവൃത്തിയുടെ പേര് - കാരറ വാർഡിലെ വഞ്ചീയോട് നീർത്തടത്തിലെ കാരറ അംഗൻവാടി പ്രദേശത്ത് മഴക്കുഴി നിർമ്മാണം

വർക്ക് കോഡ് – Wc441595

Ts.No- 1613002002/2021-2022/18181 /TS Dt 19/09/2021

TS Amount - 155774/-

പ്രവർത്തി കാലയളവ്- 27/09/2021 – 24/10/2021

MB.No 308/2021-22 പേജ് 1-11

| ഐറ്റം | അളവ് പുസ്തകം പേജ് നം | അളവ് | നിരക്ക് | തുക(രൂപ) |
|---|---|---|---|---|
| സൈറ്റ് ക്ലീയറൻസ് 80.T.M.C2 | 8 | 787.5 | 13.968 | 10999.8/- |
| മഴക്കുഴി – എർത്ത് വർക്ക് എക്സകവേഷൻ 80.8.275 | 8 | 302.4 | 186.531 | 56406.97/- |
| മഴവെള്ള ചാൽ-എർത്ത് വർക്ക് എക്സകവേഷൻ 80.8.277 | 9 | 63 | 200.208 | 12613.1/- |
| ജൈവ വേലി 80.TM.D9 | 9 | 1260 | 54.17 | 68254.2/- |
| പ്രവൃത്തി മൂല്യം-വേതനം ഇനത്തിൽ അനുവദിക്കാവുനനത് | 9 | | | 148274/- |
| പണിയായുധ കൂലി | 11 | | | 2750/- |
| ആകെ അനുവദിക്കാവുന്ന തുക | | | | 151024.07/- |
| അനുവദിച്ച തുക | | | | 162800/- |

ബി) തുക വിതരണം ചെയ്തതിന്റ വിശദാംശം

| മസ്റ്റർ റോൾ നം | തീയതി | പണിയായുധ കൂലി | വേതനം | Wage List | തീയതി | തുക(രൂപ) |
|---|---|---|---|---|---|---|
| 16776-81 | 27/09/-03/10 | 905 | 52671 | 35648 | 12/06/2021 | 53576/- |
| 16782-87 | 04/10-10/10 | 1240 | 72168 | 37782 | 10/12/2021 | 73408/- |
| 19773-19777 | 18/10/24/10 | 605 | 35211 | 43380 | 28/10/2021 | 35816/- |
| | | 2750 | 160050 | | | 162800/- |

മനുഷ്യ ദിനങ്ങൾക്ക് പരിഗണിക്കാവുന്ന പ്രവൃത്തി മൂല്യം – 148274/-

പ്രവൃത്തി മൂല്യത്തിനനുസൃതമായി അനുവദിക്കാവുന്ന മനുഷ്യ ദിനം - 148274 /291 = 510

അളവ് പുസ്തകം പേജ് നം 11 MIS REPORT

എന്നിവ പ്രകാരം അനുവദിച്ച മനുഷ്യ ദിനം = 550

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനം = 40

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനത്തിന്റെ മൂല്യം =11640

11640/- രൂപയുടെ മനുഷ്യദിനങ്ങൾക്ക് ആധാരമായ അളവ് എം ബുക്കിലില്ലാതെ തുക അനുവദിച്ചതിനും MGNREGS Accredited Engineer ന്റെ Valuation Certificate ഇല്ലാതെ FTO ക്ക് സെക്രട്ടറി അംഗീകാരം നൽകിയതിനും വിശദീകരണം നൽകാനും മേൽ പ്രവൃത്തിയുടെ FTO വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/15-02-2023 ന് ലഭ്യമാക്കിയ മറുപടിയിൽ കാരറ വാർഡിലെ വഞ്ചിയോട് നീർത്തടത്തിലെ കാരറ അംഗൻവാടി പ്രദേശത്ത് മഴക്കുഴി നിർമ്മാണം (Wc/441595) എന്ന പ്രവൃത്തി 40 തൊഴിൽ ദിനങ്ങൾ അധികം നൽകിയത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അധികരിച്ച തൊഴിൽ ദിനത്തിന് ആനുപാതികമായ അളവിൽ തൊഴിലാളികളെകൊണ്ട് പ്രവൃത്തി ചെയ്യിപ്പിച്ചിരുന്നുവെന്നും ടി തൊഴിൽ ദിനങ്ങളുടെ വേതനം തൊഴിലാളികളുടെ അക്കൌണ്ടിലേക്ക് മാത്രമാണ് നൽകിയിട്ടുള്ളത് എന്നും മറുപടി നൽകി. എന്നാൽ എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവയിലില്ലാത്ത അളവിന് 11640/- രൂപ അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല.

4) അളവ് പുസ്തകം 805/2021-22 പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തി മൂല്യത്തിലധികം തുക പ്രസ്തുത പ്രവൃത്തിക്ക് മനുഷ്യ ദിനങ്ങൾ കണക്കാക്കുന്നതിനായി പരിഗണിച്ചത് മൂലം 11931/- രൂപയുടെ മനുഷ്യദിനങ്ങൾ ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

എ) പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതിന്റ വിശദാംശം

പ്രവൃത്തിയുടെ പേര് – ഇരപ്പിൽ വാർഡിലെ ഇരപ്പിൽ നീർത്തടത്തിലെ വാഴപ്പണ പ്രദേശത്ത് കയ്യാല നിർമ്മാണം

വർക്ക് കോഡ് – Wc 442403

Ts.No- 1613002002/2021-2022/133170/TS Dt 24/07/2021

TS Amount - 234419/-

പ്രവർത്തി കാലയളവ്- 20/09/2021 – 29/10/2021

MB.No 805/2021-22 പേജ് 1-15

| ഐറ്റം | അളവ് പുസ്തകം പേജ് നം | അളവ് | നിരക്ക് | തുക(രൂപ) |
|---|---|---|---|---|
| സൈറ്റ് ക്ലീയറൻസ് 80.T.M.C2 | 13 | 480 | 13.968 | 6704.64/- |
| മൺകയ്യാല - എർത്ത് വർക്ക് എക്സകവേഷൻ 80TM.A2.1.1 | 13 | 360 | 177..699 | 63971.64/- |
| തട്ട് തിരിക്കൽ -എർത്ത് വർക്ക് എക്സകവേഷൻ-അഡീഷണൽ ലിഫ്റ്റ് 80. TM.A2.1.3 | 13 | 67.5 | 7.726 | 521.5/- |
| കല്ല് കയ്യാല --എർത്ത് വർക്ക് എക്സകവേഷൻ 80.8.277 | 14 | 36 | 200.208 | 7207.49/- |
| കല്ല് കയ്യാല 8.8.6 | 14 | 108 | 1062.15 | 114712.2/- |
| ജൈവ വേലി | 14 | 600 | 54.17 | 32502/- |

| | | | | |
|---|---|---|---|---|
| 80.TM.D9 | | | | |
| പ്രവൃത്തി മൂല്യം-വേതനം അനുവദിക്കാവുന്നത് | 14 | | | 225619.47/- |
| പണിയായുധ കൂലി | 15 | | | 4085/- |
| ആകെ അനുവദിക്കാവുന്ന തുക | | | | 229704.47/- |
| അനുവദിച്ച തുക | 15 | | | 241832/- |

ബി) തുക വിതരണം ചെയ്തതിന്റെ വിശദാംശം

| മസ്റ്റർ റോൾ നം | തീയതി | പണിയായുധ കൂലി | വേതനം | Wage List | തീയതി | തുക(രൂപ) |
|---|---|---|---|---|---|---|
| 14883-887 | 20/09-26/09 | 630 | 36666 | 32522 | 29/09/2021 | 37296/- |
| 14888-892 | 27/09-3/10 | 465 | 27063 | 35394 | 10/06/2021 | 27528/- |
| 14893-14897 | 04/10-10/10 | 765 | 44523 | 37617 | 10/12/2021 | 45288/- |
| 19742-19746 | 16/10-22/10 | 780 | 45396 | 42638 | 26/10/2021 | 46176/- |
| 19747-751 | 23/10-29/10 | 865 | 50343 | 44665 | 11/01/2021 | 51208/- |
| 19752-56 | 30/10-05/11 | 580 | 33756 | 47246 | 11/08/2021 | 34336/- |
| | | 4085 | 237747 | | | 241832/- |

മനുഷ്യ ദിനങ്ങൾക്ക് പരിഗണിക്കാവുന്ന പ്രവൃത്തി മൂല്യം – 225619.47-

പ്രവൃത്തി മൂല്യത്തിനനുസൃതമായി അനുവദിക്കാവുന്ന മനുഷ്യ ദി നം- 225619.47 / 291 = 775.32

അളവ് പുസ്തകം പേജ് നം15, MIS REPORT

എന്നിവ പ്രകാരം അനുവദിച്ച മനുഷ്യ ദിനം = 817

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനം = 41

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനത്തിന്റെ മൂല്യം = 11931

11931/-രൂപയുടെ മനുഷ്യദിനങ്ങൾക്ക് ആധാരമായ അളവ് എം ബുക്കിലില്ലാതെ തുക അനുവദിച്ചതിനും MGNREGS Accredited Engineer ന്റെ Valuation Certificate ഇല്ലാതെ FTO ക്ക് സെക്രട്ടറി അംഗീകാരം നൽകിയതിനും വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11/15-02-2023-ന്, ഇരപ്പിൽ വാർഡിലെ ഇരപ്പിൽ നീർത്തടത്തിലെ വാഴപ്പണ പ്രദേശത്ത് കയ്യാല നിർമ്മാണം (Wc/442403) എന്ന പ്രവർത്തിക്ക് 41 തൊഴിൽ ദിനങ്ങൾ അധികരിച്ച് ചെയ്തത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അധികരിച്ച തൊഴിൽ ദിനത്തിന് ആനുപാതികമായ അളവിൽ തൊഴിലാളികളെകൊണ്ട് പ്രവൃത്തി ചെയ്യിപ്പിച്ചിരുന്നുവെന്നും ടി തൊഴിൽ ദിനങ്ങളുടെ വേതനം തൊഴിലാളികളുടെ അക്കൌണ്ടിലേക്ക് മാത്രമാണ് നൽകിയിട്ടുള്ളത് എന്നും മറുപടി നൽകി. എം ബുക്കിലില്ലാത്ത അളവിന് വേതനം ഇനത്തിൽ അനുവദിച്ച 82062/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-16 കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ തുക അനുവദിച്ചു - 8,707/-രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 189/22 |
| പ്രോജക്ടിന്റെ പേര് | ബൗണ്ടർമുക്ക് നെല്ലിക്കുന്നംപുറം റോഡ് റീടാറിംഗും സൈഡ് കോൺക്രീറ്റിംഗും |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 650000/-രൂപ (MGR) |

| | |
|---|---|
| കരാറുകാരൻ | ശ്രീ. ഹാരീസ്.എസ്. (527071/-രൂപ) |
| എഗ്രിമെന്റ് നം/തീയതി | 23/AE/LSGD/CHRA/21-22/9.11.21 |
| ബിൽ നം./തീയതി, തുക | 28/21-22/24.322, 590590/-രൂപ |
| എം. ബുക്ക് നമ്പർ | 61/21-22 |

ചെലവിന്റെ വിശദാംശം

കരാറുകാരന് അനുവദിച്ച തുക

ആകെ പ്രവൃത്തിമൂല്യം - 532782/-

പരിമിതപ്പെടുത്തിയത് - 527312.50

(+) 12% GST - 63278/-

----------

590590/-

(-) IT 1% – 5273

WWF 1% – 5273

SGST 1%- 5273

CGST 1% - 5273

കാലിബാരൽ വില - 4512

(16X282) 25604

------------

കരാറുകാരന് നൽകിയത് - 564986/- രൂപ

===========

എസ്റ്റിമേറ്റ് അപ്പൻഡിക്സ് 2-ഐറിഷ് ഡ്രെയിൻ- ഇനം-2-Plain C.C.1:2:4 എന്ന ഇനം 27.366 $M^3$ @ 6950/$m^3$ നിരക്കിൽ 190193.70 രൂപ അനുവദിച്ചു. എന്നാൽ Item Rate BoQ പ്രകാരം കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് 6500/$m^3$ ആണ്. ഇതനുസരിച്ച് അനുവദനീയമായ തുക 27.366 $M^3$ @ 6500/$m^3$ = 177879/-രൂപയാണ്. അധികം അനുവദിച്ച തുക 12315/- രൂപയാണ്.

എസ്റ്റിമേറ്റ് അപ്പൻഡിക്സ് 3-റീ കോൺക്രീറ്റിംഗ്- ഇനം-2-Plain C.C.1:2:4 എന്ന ഇനം 4.23 M3 @ 7288/$m^3$ നിരക്കിൽ 30828.24/-രൂപ അനുവദിച്ചു. എന്നാൽ Item Rate BoQ പ്രകാരം കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് 7000/$m^3$ ആണ്. ഇതനുസരിച്ച് അനുവദനീയമായ തുക 4.23 $M^3$ @ 7000/$m^3$ = 29610/-രൂപയാണ്. അധികം അനുവദിച്ച തുക 1218/- രൂപയാണ്.

മേൽ സൂചിപ്പിച്ച ഇനങ്ങൾക്ക് യഥാർത്ഥത്തിൽ അനുവദനീയമായ തുക ഉൾപ്പെടുത്തുമ്പോൾ ആകെ പ്രവൃത്തിമൂല്യത്തിലും കുറവു വരുന്നുണ്ട്. കരാറുകാരന് അനുവദിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അനുവദിക്കാവുന്ന ആകെ പ്രവൃത്തിമൂല്യം - 519249/-
(532782-(12315+1218))

(+) 12% GST - 62310/-

----------

581559/-

(-) IT 1% -5192

WWF 1% -5192

SGST 1%- 5192

CGST 1% - 5192

കാലിബാരൽ വില - 4512

(16X282) 25280

------------

കരാറുകാരന് നൽകേണ്ടത്- 556279/- രൂപ

===========

കരാറുകാരന് അധികം നൽകിയത് = 564986 – 556279 = 8707/-

അധികം നൽകിയ തുക 8707/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.3/13.2.23) മറുപടിയിൽ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-17 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലും അധികമായി പ്രവൃത്തി പൂർത്തിയാക്കി - 2920/-രൂപ അവിദഗ്ധ തൊഴിൽ കൂലി ഇനത്തിൽ ചെലവഴിച്ചു.

എ) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലും അധികമായി പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിശദാംശം

പ്രവൃത്തിയുടെ പേര് - ചക്കമല വാർഡിലെ ചക്കമല നീർത്തടത്തിൽ വെള്ളക്കരിക്കം പ്രദേശത്ത് മഴക്കുഴി നിർമ്മാണം

വർക്ക് കോഡ് – Wc442088

Ts.No- 1613002002/2021-2022/198157/TS Dt 19/10/2021

TS Amount - 176456/-

പ്രവർത്തി കാലയളവ് - 16/11/2021-23/12/2021

MB.No 559/2021-22 പേജ് 40-45

| ഐറ്റം | അളവ് | നിരക്ക് | തുക/- | അളവ് | തുക(രൂപ) | അധികമായി ചെയ്ത പ്രവൃത്തി മൂല്യം |
|---|---|---|---|---|---|---|
| സൈറ്റ് ക്ലീയറിംഗ് 80.TMC2 | 900 | 13.968 | 12571.2 | 938..25 | 13105.476 | |
| എർത്ത് വർക്ക് 80.8.275 | 345.6 | 186.531 | 64465.11 | 360.28 | 67204.88 | |
| എർത്ത് വർക്ക് 80.8.277 | 72 | 200.208 | 14414.98 | 73.62 | 14739.31 | |
| ജൈവ വേലി 80.TM.D9 | 1440 | 54.17 | 78004 | 1501.2 | 81320 | |

| | | | | | | |
|---|---|---|---|---|---|---|
| ഷാർപനിംഗ് ചാർജ്ജ് | | | 4000 | 606*5 | 3030 | |
| ഡിസ്പ്ലേ ബോർഡ് | | | 3000 | | | |
| പ്രവൃത്തി മൂല്യം | | | 176456 | | 179376 | 2920 |
| മനുഷ്യ ദിനങ്ങൾ | 582.32 | 291 | 169456 | 606 | 176346 | 6890 |

ബി) തുക വിതരണം ചെയ്തതിന്റെ വിശദാംശം

| മസ്റ്റർ റോൾ നം | തീയതി | പണിയായുധ കൂലി | വേതനം | FTO No | തീയതി | തുക(രൂപ) |
|---|---|---|---|---|---|---|
| 27074-77 | 16/11/21 -22/11/21 | 385 | 22407 | 873049 | 22/11/2021 | 4440 |
| | | | | 873066 | 22/11/2021 | 13912 |
| | | | | 873074 | 22/11/2021 | 1776 |
| | | | | 873084 | 22/11/2021 | 2664 |
| 27078-81 | 23/11/21-29/11/21 | 655 | 38121 | 923743 | 12/03/2021 | 7696 |
| | | | | 923752 | 12/03/2021 | 21904 |
| | | | | 923761 | 12/03/2021 | 4144 |
| | | | | 923768 | 12/03/2021 | 5032 |
| 27082-27085 ,29753 | 30/11/21 -06/12/21 | 870 | 50634 | 966397 | 12/08/2021 | 10064 |
| | | | | 966407 | 12/08/2021 | 27824 |
| | | | | 966416 | 12/08/2021 | 4736 |
| | | | | 966427 | 12/08/2021 | 8880 |
| 32561-67 | 10/12/21-16/12/21 | 660 | 38412 | 1041051 | 20/12/2021 | 10064 |
| | | | | 1041070 | 20/12/2021 | 19240 |
| | | | | 1041076 | 20/12/2021 | 3256 |
| | | | | 1041089 | 20/12/2021 | 6512 |
| 32568-71 | 17/12/21 -23/12/21 | 460 | 26772 | 1071917 | 24/12/2021 | 5624 |
| | | | | 1071938 | 24/12/2021 | 14504 |
| | | | | 1071949 | 24/12/2021 | 2072 |
| | | | | 1071958 | 24/12/2021 | 5032 |
| | | 3030 | 176346 | | | 179376 |

എസ്റ്റിമേറ്റിൽ അധികമായി പ്രവൃത്തി നടത്തിയത് മൂലം 24 മനുഷ്യദിനങ്ങൾ അധികമായി വിനിയോഗിച്ചിട്ടുണ്ട്. ആകെ 2920/- രൂപ എസ്റ്റിമേറ്റിലും അധികമായി ചെലവഴിച്ചു. എസ്റ്റിമേറ്റ് പരിഷ്കരിച്ച് ഭരണാനുമതി നൽകുക എന്ന പ്രക്രിയ MGNREGS പ്രവൃത്തികളിൽ നടപ്പാക്കാത്ത സാഹചര്യത്തിൽ ഇപ്രകാരം അളവ് അധികമായി രേഖപ്പെടുത്തിയതിന് വിശദീകരണം നൽകാനും മേൽ പ്രവൃത്തിയിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അയതിന്റെ FTO വിശദാംശം അറിയിക്കാൻ താത്പര്യപ്പെടുന്നു.

എൻക്വയറി നം – 13/16-02-2023

1-18 പ്രവർത്തനം നിർത്തിയ കോവിഡ് ഫസ്റ്റ് ലൈൻ മാനേജിംഗ് കമ്മിറ്റി ഫണ്ടിൽ

11,561/-രൂപ അവശേഷിയ്ക്കുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച D.C.C കളുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി അസി. സെക്രട്ടറി നോഡൽ ഓഫീസറായി ആരംഭിച്ച അക്കൗണ്ടിൽ [6903124122-ഇൻഡ്യൻ ബാങ്ക് ] 17 - 11 - 2021 ൽ 11561/- രൂപ നീക്കിയിരുപ്പുണ്ട്. D.C.C കളുടെ പ്രവർത്തനം നിർത്തിയ സാഹചര്യത്തിലും, വാർഷിക കണക്കിൽ പ്രസ്തുത അക്കൗണ്ട് പ്രതിഫലിയ്ക്കാത്ത സാഹചര്യത്തിലും ടി തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടുണ്ടോ എന്നറിയാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിലവിൽ പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല എന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തി അക്കൗണ്ട് ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ആയതിനാൽ പ്രസ്തുത തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-20/15.02.23

1-19 ചിതറ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-സപ്ലൈ ബിൽ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - 1,65,803/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചിതറ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രോജക്റ്റ് നം. 180)

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-2,50,000/-രൂപ (പ്ലാൻ ഫണ്ട് (ജനറൽ)

46,412/-രൂപ (തനത് ഫണ്ട്)

ആകെ = 2,96,412/-രൂപ ചെലവ് വിശദാംശം

1. ബിൽ നം. 36 തീയതി 23.02.2022 = 2,16,340/-രൂപ (പ്ലാൻ ഫണ്ട് (ജനറൽ))

2. ചെക്ക് നം. 6535826 തീയതി 26.05.2022 = 46,412/-രൂപ (തനത് ഫണ്ട്)

2021-22 ലെ ചെലവ് = 2,62,752/-രൂപ

2022-23 ലെ ചെലവ് = 33,660/-രൂപ

ആകെ = 2,96,412/-രൂപ

ചിതറ ഗ്രാമപഞ്ചായത്തിലേക്ക് 3 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 1 എ3 ഷീറ്റ് സ്കാനർ, 3 മൾട്ടി ഫംഗ്ഷൻ പ്രിന്റർ എന്നിവ സപ്ലൈ ചെയ്യുന്നതിനായി 2021-22 സാമ്പത്തിക വർഷം 2,62,752/-രൂപയും 2022-23 സാമ്പത്തിക വർഷം 33,660/-രൂപയും ഉൾപ്പെടെ 296412/-രൂപ കെൽട്രോണിന് നൽകുകയുണ്ടായി. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ 96,949/-രൂപയുടെ (4% TSP Charge ഉൾപ്പെടെ) ഒരു A3 ഷീറ്റ് സ്കാനർ (CANON DRM 1060) ന്റെ സപ്ലൈ ബിൽ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ മാത്രമാണ് ഉള്ളത്.

പ്രൊഫോർമ ഇൻവോയ്സ് നം. TVM/ITBG/P1/RC/34562/20-21 തീയതി 05.02.2022 പ്രകാരം 3 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് 119391/-രൂപയും, പ്രൊഫോർമ ഇൻവോയ്സ് നം. TVM/ITBG/P1/RC/345 /20-21 തീയതി 05.02.2022 പ്രകാരം 4 മൾട്ടി ഫംഗ്ഷൻ പ്രിന്ററിന് 80,072/-രൂപയും അനുവദിച്ചെങ്കിലും മേൽ ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന്റെ ബിൽ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഇല്ല. ഈ സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച 2,62,752/- രൂപയിൽ സ്കാനറിന്റെ വിലയായ 96,949/-രൂപ കഴിച്ച് 1,65,803/-രൂപയുടെ ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (19/16-02-2023) മറുപടി ലഭ്യമാക്കാത്ത

സാഹചര്യത്തിൽ 165803/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 165803/-
ഓഡിറ്റ് എൻക്വയറി – 19/15.02.23

1-20 O.D.F. - കക്കൂസ് നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കില്ല.

പ്രോജക്ട് നം - 102/22
ഒ.ഡി.എഫ് - കക്കൂസ് നിർമ്മാണം. (സ്പിൽഓവർ)
അടങ്കൽ - ₹ 322200 (സി.എഫ്.സി -₹ 10200, കേന്ദ്രാവിഷ്കൃതം. – ₹312000)
ആകെ ചെലവ് - ₹42000 (, 42000- കേന്ദ്രാവിഷ്കൃതം.)
നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ
മേൽ പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സീരിയൽ നം | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | നൽകിയ തുക( രൂപ) | ലഭ്യമാക്കിയ മറുപടി യുടെ വിവരം |
|---|---|---|---|---|
| 1 | ഷിബു, ഷിബുവിലാസം, ചിതറ വാർഡ് | 7/15.5.20 | 3,400/- | തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു |
| 2 | ഉഷ കുന്നിൽ വീട് കൊമ്പില്ല മൂട് വാർഡ് | 7/15.5.20<br>ചെക്ക്നം-457124/23.6.20 | 3,400/-<br>6,000/- | ,, |
| 3 | ലീല ലീനാ ഭവൻ കൊച്ചരിപ്പ | 7/15.5.20<br>ചെക്ക്നം-457124/23.6.20 | 3,400/-<br>6,000/- | |
| 4 | ശ്യാമള മഞ്ജു ഭവൻ, നെടുംമ്പാറ വാർഡ് | 7/15.5.20 | 3,400/- | ,, |
| 5 | ഇന്ദിര സുമേഷ് ഭവൻ കൊച്ചരിപ്പ | 7/15.5.20 | 3,400/- | ,, |
| 6 | ശശി കടുമ്പു വിള നാട്ട് കല്ല് ചോഴിയക്കോട് | 7/15.5.20 | 3,400/- | ,, |
| 7 | ലാഞ്ജിനി തെങ്ങും മൂട് വീട് വഞ്ചിയോട് | 7/15.5.20<br>457156/6.8.20 | 3,400/-<br>6,000/- | ,, |
| 8 | ഇന്ദിരാമ്മ രതീഷ് വിലാസം മൈലോട്കോണം | 7/15.5.20 | 3,400/- | ,, |
| 9 | സുരേന്ദ്രൻ ആശാരി തടത്തിൽകര പുത്തൻ വീട് വാർഡ്-22 | 7/15.5.20 | 3,400/- | ,, |

| | | | | |
|---|---|---|---|---|
| 10 | ശശി കല ഷിബു വിലാസം കാരി ച്ചിറവാർഡ് - 22 | 7/15.5.20 | 3,400/- | ,, |
| 11 | വിലാസിനി ജയഷ് ഭവൻ കാരിച്ചിറ | 7/15.5.20 | 3,400/- | ,, |
| 12 | ഷീല ഒഴിവിളവീട് കാരിച്ചിറ | 7/15.5.20 | 3,400/- | ,, |
| 13 | യൂസഫ് ജസ്ലാമൻസിൽ കാരിച്ചിറ | 7/15.5.20<br>20.2.21 | 3,400/-<br>6,000/- | ,, |
| 14 | അനില അമലാഭവൻ വാർഡ്-22 | 7/15.5.20 | 3,400/- | ,, |
| 15 | വിജി ലക്ഷ്മീഭവനം ചിതറ വാർഡ് 2 | 7/15.5.20<br>ചെക്ക്-<br>457156/7.8.20 | 3,400/-<br>6,000/- | ,, |
| 16 | സുശീല സുശീലാ മന്ദിരം വഞ്ചിയോട് | 7/15.5.20<br>ചെക്ക്-<br>457156/7.8.20 | 3,400/-<br>6,000/- | ,, |
| 17 | മണിയമ്മാൾ<br>അഭിലാഷ് ഭവൻ ചക്ക മല | 7/15.5.20 | 3,400/- | ,, |
| 18 | ഗ്രേസി ഗ്രേസി ഭവൻ മഹാഗണി | 7/15.5.20 | 3,400/- | ,, |
| 19 | റാണി മോൾ ആയിരവല്ലി കുന്നിൽ വീട് | 7/15.5.20<br>4557177/26.8.20 | 3,400/-<br>6,000/- | ,, |
| 20 | നസീറാ ബീവി സജിനാ മനസിൽ<br>മന്ദിരം കുന്ന് | 7/15.5.20 | 3,400/- | ,, |
| 21 | ഹലീമാബീമി<br>തടത്തരികത്ത് പുത്തൽ വീട് കീഴ്ല്ലില | 7/15.5.20 | 3,400/- | ,, |
| 22 | മീനാക്ഷി ചരുവിള പുത്തൻ വീട് | 7/15.5.20 | 3,400/- | ,, |

മേൽ ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നൽകിയതുക പിഴപലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

1-21 സ്റ്റോക്ക് - വിതരണ രേഖകൾ ഹാജരാക്കിയില്ല - 3,22,000/-രൂപ തടസ്സപ്പെടുത്തുന്നു.

വെറ്ററിനറി സർജൻ നിർവഹണേദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെയും വിനിയോഗിച്ചിട്ടുള്ളതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് വിവരം | ബിൽ നം./തീയതി | തുക (രൂ) | തുക നൽകിയതിന്റെ വിവരം |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 22/22<br>എ.ബി.സി.പ്രോഗ്രാം<br>അടങ്കൽ തുക- | 3/21-22<br>/25.1.22 | 200000/- | മരുന്നിന്റെ വില-100000/- (ബിൽ നം.26/21/5.9.21)<br>ഉപകരണങ്ങളുടെ വില-60000/- (ബിൽ നം.25/21/5.9.21) |

| | | | | |
|---|---|---|---|---|
| | 200000/-(Plan) | | | ആകെ 160000/-രൂ. NISE Asociates, Nilmel എന്ന സ്ഥാപനത്തിന് നൽകി.<br>ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ചെലവഴിച്ച 40000/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. |
| 2 | പ്രോജക്ട് നം. 120/22 എ.ബി.സി.പ്രോഗ്രാം (231/21 ന്റെ സ്പിൽ ഓവർ)<br>അടങ്കൽ തുക-200000/-(Plan) | 2/21-22 /27.7.21 | 200000/- | മരുന്നിന്റെ വില-100000/- (ബിൽ നം.1090/25.3.21)<br>ഉപകരണങ്ങളുടെ വില-62000/- (ബിൽ നം.1091/25.3.21)<br>ആകെ 162000/-രൂ. NISE Asociates, Nilmel എന്ന സ്ഥാപനത്തിന് നൽകി.<br>ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ചെലവഴിച്ച 38000/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. |
| മരുന്ന്, ഉപകരണങ്ങളുടെ വില എന്നീ ഇനങ്ങളിൽ ആകെ ചെലവഴിച്ച തുക= 160000 + 162000 = 322000/-രൂപ | | | | |

സ്റ്റോക്ക്, വിതരണ രേഖകളുടെ അഭാവത്തിൽ 322000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 322000/-രൂപ

1-22 ലൈഫ് ഭവനപദ്ധതി - തുക കൈപ്പറ്റിയവർ പണി പൂർത്തിയാക്കിട്ടില്ല.

വിവിധ പ്രോജക്ടുകളിലായി ലൈഫ് ഭവന പദ്ധതി പ്രകാരം ഒന്നാം ഗഡു തുക കൈപ്പറ്റിയവർ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഗുണഭോക്താവ് | കൈപ്പറ്റിയ തുക/ബിൽ നം, തീയതി |
|---|---|---|
| പ്രോജക്ട് നം-78/22<br>ലൈഫ് ഭവന നിർമ്മാണം | ഷീല, ആയിരവല്ലി കുറക്കോട് | 40,000/-<br>9/16.6.21 |
| പ്രോജക്ട് നം-114/22<br>ലൈഫ് ഭവന നിർമ്മാണം | അസുമാ ബീവി, റോഡരികത്ത് വീട് പരുത്തി. | 40000/-<br>12/13.1.21 |
| പ്രോജക്ട് നം-115/22<br>ലൈഫ് ഭവന നിർമ്മാണം | ഷീജാകുമാർ, നതിൻ ഭവൻ, മടത്തറ | 4000/-<br>13/13.1.21 |
| പ്രോജക്ട് നം-19/22<br>ലൈഫ് ഭവന നിർമ്മാണം | ആരോഗ്യമേരി, തടത്തരികത്ത് വീട്, മൂന്ന് മുക്ക് കുറക്കോട് | 40000/-UTR NO-RBI 20421728/22.3.22 |

| | | |
|---|---|---|
| ,, | ഷാനിഫാബീവി,<br>ഷംന മൻസിൽ , ഐരക്കുഴി. | 40000/-UTR NO-RBI20421728/22.3.22 |
| പ്രോജക്ട് നം-69/22<br>ലൈഫ് ഭവന നിർമ്മാണം | മനജ, കോയിപ്പള്ളി വീട്, മുള്ളിക്കാട്, കുറക്കോട് | 40,000/-<br>23/23.3.22 |
| ,, | സുരേന്ദ്രൻ, ചരുവിള പുത്തൻവീട്, വാഴപ്പണ, കനകമല. | 40,000/-<br>20/15-2-22 |
| ,, | ഷീജ, തേമ്പാംവില വീട് വാഴപ്പണ, കനകമല | 40,000/-<br>20/15-2-22 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പണി പൂർത്തിയാക്കുകയോ തുക തിരികെ ഒടുക്കുകയോ ചെയ്ത് വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആദ്യ ഗഡു കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്ക് നൽകിയ 320000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി- 15/15.02.23

തടസ്സപ്പെടുത്തിയ തുക- 320000/-

## 1-23 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യാനവശേഷിക്കുന്നു.

പ്രോജക്ട്നമ്പർ–/2SO0632

അടങ്കൽ തുക – 6,00,000/-രൂ(വികസനഫണ്ട്-SCP)

ചെലവ്- 6,00,000/-രൂപ(ബിൽനം–5/11.1.22)

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മേശ, കസേര എന്നിവ വാങ്ങുന്നതിനായി 6,00,000/-രൂപ ചെലവഴിച്ചു. ആർട്കോ എന്ന സ്ഥാപനത്തിൽ നിന്നും ചുവടെപ്പറയും പ്രകാരം മേശയും കസേരയും വാങ്ങി.

| ഇനം | എണ്ണം | തുക(രൂപ) | ആകെ ജി.എസ്.റ്റി ഉൾപ്പെടെ) |
|---|---|---|---|
| സ്റ്റീൽ ടേബിൾ | 120 | 3274/- | 463598.40 |
| സ്റ്റീൽ കുഷ്യൻഡ് ചെയർ | 120 | 963.29/- | 136401.86 |
| ആകെ | | | 600000.26/- |

എന്നാൽ വിതരണ രേഖകൾ പ്രകരം 105 മേശയും 105 കസേരയും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് വിതരണം പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിതരണം ചെയ്യാൻ അവശേഷിക്കുന്ന 15 മേശയുടേയും 15 കസേരയുടേയും തുകയായ 75000/- (3863.32*15+1136.68*15) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 75000/-രൂപ

ഓഡിറ്റ് അന്വേഷണം – 4/13.2.22

നിർവഹണ ഉദ്യോഗസ്ഥൻ- ശ്രീ. രാജു ബി. (ഹെഡ് മാസ്റ്റർ)

## 1-24 ബയോഗ്യാസ് പ്ളാന്റ് വിതരണം - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 2,52,000/-രൂപ തടസത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നമ്പർ 159/22

ബയോഗ്യാസ് പ്ളാന്റ് വിതരണം

ആകെ ചെലവ് - 252000/- (കേന്ദ്രാവിഷ്കൃതം)

ചെക്ക് നമ്പർ - JN 243999/ 30.3.22
ആകെ ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കൾ = 35
ഗുണഭോക്തൃ വിഹിതം = 3300 വീതം
യൂണിറ്റ് കോസ്റ്റ് – 10500/- (3300 + 7200)
ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യുന്നതിനായി യൂണിറ്റ് ഒന്നിന് 10500/- രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനായി IRTC യുമായി കരാർ വച്ചിട്ടുള്ളതും, (കരാർ നം. 34963/ 10.322)
പ്രൊഫോർമാ ഇൻവോയിസ് നം. 298/26.3.22 പ്രകാരം 252000/-രൂപ IRTC യ്ക്ക് നൽകിയിട്ടുള്ളതുമാണ്.
ഫയൽ അനുബന്ധ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ ഇവ പരിശോധിച്ചതിൽ 2021-2022 സാമ്പത്തിക വർഷം ആകെ 35 എണ്ണം ബയോ കമ്പോസ്റ്റ് ബിന്നുകൾ IRTC യിൽ നിന്ന് ലഭ്യമാക്കിയതായി രേഖപെടുത്തിയിരിക്കുന്നു. എന്നാൽ വിതരണ രജിസ്റ്റർ പേജ് നം 201 മുതൽ 212 വരെ പരിശോധിച്ചതിൽ ആകെ 34 യൂണിറ്റ് മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ, മാത്രമല്ല 35 എണ്ണം ബയോഗ്യാസ് പ്ലാന്റിന്റെ Invoice ലഭ്യമാക്കിയിട്ടുമില്ല.
വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിതരണം ചെയ്യാൻ അവശേഷിക്കുന്ന 1 യൂണിറ്റ് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണന്നും, ഗുണഭോക്തൃ വിഹിതം I.R.T.C. യിൽ അടവാക്കാനുള്ളതിനാൽ പദ്ധതി 2022 - 23 വർഷവും Spill Over ആയി തുടരുന്നതാണന്നും, പ്രസ്തുത തുക കൂടി അടവാക്കി ഇൻവോയ്സ് ലഭ്യമാകുന്നതാണന്നും മറുപടി ലഭ്യമാക്കി.
മുഴവൻ യൂണിറ്റുകളും വിതരണം ചെയ്യാത്ത സാഹചര്യത്തിലും, ഇൻവോയ്സ് പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിനാലും ചെലവ് തുക 252000/- രൂപ തടസത്തിൽ വയ്ക്കുന്നു.
വിതരണം നടത്താൻ അവശേഷിക്കുന്ന 1 യൂണിറ്റിന്റെ വിതരണ വിവരം, ഇൻവോയ്സ് ഇവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി - 9/14.02.23
തടസ്സപ്പെടുത്തുന്ന തുക - 252000/-

1-25 ഗാർഹിക ബയോ ബിൻ വിതരണം - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 429300/-രൂപ തടസത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നമ്പർ - 146/ 22.
ഗാർഹിക ബയോ ബിൻ വിതരണം
ആകെ ചെലവ് - 429300/- സി.എഫ്.സി
ചെക്ക് നമ്പർ - 243999/30.3.22

വി.ഇ.ഒ നിർവഹണ ഉദ്യഗസ്ഥനായ മേൽ പ്രസ്താവിത പദ്ധതി പ്രകാരം ജൈവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് ബയോ ബിൻ നൽകുന്നതിനായി യൂണിറ്റ് ഒന്നിന് 1800/- രൂപ നിരക്കിൽ I RTC യിൽ നിന്നും ബയോബിന്നുകൾ ലഭ്യമാക്കുന്നതിനായി കരാറിൽ ഏർപ്പെടുകയും (കരാർ നം34963/ 10.322) പ്രൊഫോർമാ ഇൻവോയിസ് നം. 268/ 24.3.22 പ്രകാരം 429300/- രൂപ I RTC യ്ക്ക് നൽകിയിട്ടുള്ളതുമാണ്.
ഫയൽ, അനുബന്ധ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ ഇവ പരിശോധിച്ചതിൽ 2021-2022 സാമ്പത്തിക വർഷം ആകെ 265 എണ്ണം ബയോ കമ്പോസ്റ്റ് ബിന്നുകൾ IRTC യിൽ നിന്ന് ലഭ്യമാക്കിയതായി രേഖപെടുത്തിയിരിക്കുന്നു. എന്നാൽ വിതരണ രജിസ്റ്റർ പേജ്നം 3 മുതൽ 48 വരെ പരിശോധിച്ചതിൽ ആകെ 262 ബയോ കമ്പോസ് ബിന്നുകൾ മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ, മാത്രമല്ല 265 എണ്ണം ബയോ കമ്പോസ്റ്റ് ബിന്നുകളുടെ Tax Invoice ലഭ്യമാക്കിയിട്ടുമില്ല.
വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിതരണം ചെയ്യാൻ അവശേഷിക്കുന്ന 3 ബയോ കമ്പോസ്റ്റ് ബിന്നുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, ഗുണഭോക്തൃ വിഹിതം I RTC യിൽ അടവാക്കാനുള്ളതിനാൽ പദ്ധതി 2022 - 23 വർഷവും Spill Over ആയി

തുടരുന്നതാണെന്നും, പ്രസ്തുത തുക കൂടി അടവാക്കി ഇൻവോയ്സ് ലഭ്യമാകുന്നതാണെന്നും മറുപടി ലഭ്യമാക്കി.

മുഴുവൻ ബയോ കമ്പോസ്റ്റ് ബിന്നുകളും വിതരണം ചെയ്യാത്ത സാഹചര്യത്തിലും, ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിനാലും ചെലവ് തുക 429300/- രൂപ തടസത്തിൽ വയ്ക്കുന്നു. IRTCൽ നിന്നുള്ള ഇൻവോയ്സ്, വിതരണം നടത്താൻ അവശേഷിയ്ക്കുന്ന 3 ബയോബിന്നുകളുടെ വിതരണ വിവരം, ഇവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക- 429300/-

ഓഡിറ്റ് എൻക്വയറി നം. – 9/14.02.23

1-26 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - 1706614/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക | ബിൽ നം |
|---|---|---|---|---|
| 1 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(216/22)<br>അടങ്കൽതുക-<br>217000 (വികസനഫണ്ട്-ജനറൽ)<br>150000തനത് ഫണ്ട്<br>ആകെ 367000 | കെ എസ് ഇബി | 156614/- | 354/16-02-2022<br>ചെക്ക് നം 6535834 തീ 31-03-2022 |
| 2 | എസ് എസ് കെ വിഹിതം<br>അടങ്കൽ തുക-1558741/-(വികസനഫണ്ട്-ജനറൽ) | ജില്ലാ പ്രോജക്ട് ഓഫീസർ, എസ് എസ് കെ കൊല്ലം | 15,00,000/- | 09/19-08-2021 |
| 3 | ജീവനം പദ്ധതി-<br>അടങ്കൽ തുക-50000/-(വികസനഫണ്ട്-ജനറൽ) | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | 50000/- | 13/19-08-2021 |
| | | ആകെ | 1706614/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 1706614/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-1706614/- രൂപ

ഓഡിറ്റ് അന്വേഷണം-നം 19/16-02-2023

1-27 പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ - അപാകതകൾ - 1683000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 32/22 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹1683000/-(വികസന ഫണ്ട് ജനറൽ) |
| ബിൽ നം./തീയതി&തുക | 35/23-02-2023 =1683000/- |

ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് 10kw ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ നിർവ്വഹണം അനെർട്ട് കൊല്ലം ജില്ലാ ഓഫീസ് മുഖാന്തിരം നടത്തുവാനും , അനെർട്ട് കൊല്ലം ജില്ലാ ഓഫീസ് നിന്നും നേരിട്ട് നടത്തിയ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രാരംഭ പഠന റിപ്പോർട്ട് പ്രകാരം പദ്ധതി അടങ്കൽ 1199000/- രൂപയായി നിർണയിച്ചത് 01.10.2021ലെ 9(11) നമ്പർ അജണ്ട പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചു.ഉടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13/10/2021 ലെ എ1-2689-2021 കത്ത് പ്രകാരം 1199000/- രൂപയുടെ ഇൻവോയ്സ് ലഭ്യമാക്കാൻ അനെർട്ട് കൊല്ലം ജില്ല എഞ്ചിനീയറോട് ആവശ്യപ്പെട്ടു. എന്നാൽ അനെർട്ട് കൊല്ലം ജില്ല എഞ്ചിനീയറുടെ 09-12-2021 ലെ 79/FS&DW 2021-22/ANERT/KLM/Demand Notice ൽ 10kw ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് പകരം 10kwഹൈബ്രീഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് 1683000/- രൂപ അനെർട്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെടുകയും ₹1683000/- രൂപ-ബിൽ നം.35/25-02-2022 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനെർട്ടിലേക്ക് ഡെപ്പോസിറ്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 10kw ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് പകരം 10kwഹൈബ്രീഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചതിന്റെ വിശദാംശം ഫയലില്ല

2.ഗ്രാമപഞ്ചായത്തും അനർട്ടും തമ്മിൽ എർപ്പെട്ട കരാർ പത്രംഫയലില്ല. അപൂർണമായ കരാറിന്റെ ഡ്രാഫ്റ്റ് മാത്രമാണ് ഫയലിലുള്ളത്

3.സംസ്ഥാനത്ത് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് യോഗ്യത നേടിയ നിർവ്വഹണ ഏജൻസികളുടെ ലിസ്റ്റ് അനെർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ നിന്നും നിയന്ത്രിത ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്യുന്ന സ്ഥാപനത്തെയായിരിക്കും നിർവ്വഹണ ചുമതല ഏൽപിക്കുകയെന്നും പ്രസ്തുത ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുന്നതാണെന്നും അനെർട്ടുമായുള്ള ഡ്രാഫ്റ്റ് കരാറിലെ വ്യവസ്ഥ 5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ വിശദാംശങ്ങളോ അനർട്ടിന് വേണ്ടി സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച ഏജൻസി ഏതാണ് എന്ന വിവരമോ ഫയലില്ല

4.ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിന് അനെർട്ട് ലഭ്യമാക്കിയിട്ടില്ല

5. <u>ത്രികക്ഷി കരാറിലേർപ്പെട്ടിട്ടില്ല.</u>

ടെണ്ടർ പ്രക്രിയയിൽ L1 ആകുന്ന സ്ഥാപനം, അനെർട്ട്, ഉണഭോക്തൃ സ്ഥാപനമായ ഗ്രാമ പഞ്ചായത്ത് എന്നിവർ തമ്മിൽ പവർ പ്ലാന്റിന്റെ സ്ഥാപനം, കമ്മീഷനിംഗ്, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് ഒരു ത്രികക്ഷി കരാറിലേർപ്പെടണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു(ഡ്രാഫ്റ്റ് കരാർ വ്യവസ്ഥ നം.6). എന്നാൽ ഇത്തരത്തിലുള്ള കരാറിൽ ഒപ്പു വയ്ക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

6. സോളാർ പാനലിന്റെ സ്പെസിഫിക്കേഷൻ വിവരങ്ങൾ ലഭ്യമല്ല.

സോളാർ പാനലുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥാപിച്ച ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7.പദ്ധതി ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല

ടെണ്ടർ നടപടികൾ പൂർത്തിയാക്കി പവർ പ്ലാന്റ് സ്ഥാപിക്കുമ്പോൾ ചെലവാക്കുന്ന തുക (വർക്ക് ഓർഡർ

തുക) പദ്ധതിക്കായി സ്ഥാപനം ഡെപ്പോസിറ്റ് ചെയ്ത തുകയേക്കാൾ കുറവാണെങ്കിൽ അത് കിഴിച്ച് ബാക്കി തുക അനെർട്ട് ഗ്രാമ പഞ്ചായത്തിന് തിരികെ നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. (ഡ്രാഫ്റ്റ് കരാർ വ്യവസ്ഥ നം.14). എന്നാൽ വർക്ക് ഓർഡർ തുക, പദ്ധതി ചെലവ് തുടങ്ങിയ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

8പദ്ധതിയുടെ തുടർ പരിപാലനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

വാറന്റി കാലാവധിക്കുള്ളിൽ വരുന്ന എല്ലാ അറ്റകുറ്റ പണികളും നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണെന്നും വാറന്റി കാലാവധിക്കു ശേഷം വരുന്ന അറ്റകുറ്റ പണികൾ ഗുണഭോക്താവ് നേരിട്ടോ ഏജൻസി മുഖാന്തിരം AMC ആയോ മറ്റ് ഏജൻസികൾ വഴിയോ നടത്താവുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു.(ഡ്രാഫ്റ്റ് കരാർ വ്യവസ്ഥ നം.14). എന്നാൽ ഉപകരണങ്ങളുടെ വാറന്റി, ടാക്സ് ഇൻവോയ്സ് ബിൽ മുതലായവ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

9. 1683000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ,ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ഇലകട്രിക്കൽ ഇൻസ്പക്ടറേറ്റിന്റെ പരിശോധന റിപ്പോർട്ട്,ഹൈബ്രീഡ് സോളാർ പവർ പ്ലാന്റിന്റെ ബെഞ്ച് മാർക്ക് കോസ്റ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല

പദ്ധതി നടത്തിപ്പിലെ അപാകകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 19/16-02-2023) വിശദീകരണമൊന്നും നൽകിയിട്ടില്ലാത്തതിനാൽ. ₹1683000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക - 1683000/-

ഓഡിറ്റ് എൻക്വയറി നം.-19/16.02.23

1-28 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-അപാകതകൾ- 1548271/- രൂപ ധനകാര്യ കമ്മീഷൻ അവാർഡ് തുക തനത് ഫണ്ടായി വകമാറ്റി.

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - അപാകതകൾ-

| | | |
|---|---|---|
| പ്രോജക്ട് നം. | 93/22<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്ററൻഷൻ | 184/22<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി - | സെക്രട്ടറി |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി | കേരള വാട്ടർ അതോറിറ്റി |
| പദ്ധതി അടങ്കൽ | 4885500/-<br>ധനകാര്യകമ്മീഷൻ അവാർഡ് | 4355676/-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ACR ബിൽ നം./തീയതി & തുക | 147/15-11-2021<br>4646200/- | 145/15-11-2021<br>4151000/- |
| വിനിയോഗ സാക്ഷ്യപത്രം നം/ തീയതി/തുക | AB-4-1/2022/Ph.Dn/KTR Dt 25-01-2023<br>2790524/- | AB-4-1/2022/Ph.Dn/KTR Dt 02-08-2022<br>2602729/- |
| തിരികെ ലഭിച്ച തുക | 1855676/- | 1548271/- |
| രസീത് നമ്പർ | 1220002050 | 1220101966 |

| | | |
|---|---|---|
| | തീ.07-02-2023 | തീ.04-08-2022 |

2021-22 സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്കായി 2 പ്രോജക്ടുകൾ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കുകയുണ്ടായി. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

1. ഒരേ സമയം 2 പ്രോജകടുകൾ ഏതെല്ലാം പ്രദേശത്താണ് നടപ്പാക്കുന്നത് എന്നതിന്റെ വിശദാംശം അടങ്ങിയ ഡീറ്റയൽഡ് എസ്റ്റിമേറ്റ് ഓഡിറ്റിന് ലഭ്യമാക്കിയ ഫയലില്ല

2. 2 പ്രോജക്ടുകൾക്കായി 5393253/- രൂപ ചെലവഴിച്ചതിന്റെ വർക്ക് ബിൽ ഫയലില്ല.

3. രസീത് നം 1220101966 തീ.04-08-2022 പ്രകാരം തിരികെ ലഭിച്ച 1548271/- രൂപ ധനകാര്യകമ്മീഷൻ അവാർഡ് ശീരഷകത്തിൽ സ്വീകരിക്കുന്നതിന് പകരം തനത് ഫണ്ടായി സ്വീകരിച്ചു . അപ്രകാരം 1548271/- രൂപ ധനകാര്യ കമ്മീഷൻ അവാർഡ് തുക തനത് ഫണ്ടായി വകമാറ്റി

4 രസീത് നം 1220002050 തീ.07-02-2023 പ്രകാരം തിരികെ ലഭിച്ച 1855676- രൂപ ഓഡിറ്റ് തീയതിയായ 15-02-2023 വരെ ധനകാര്യകമ്മീഷൻ അവാർഡ് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട എൻക്വയറിക്ക് ക്യാഷ് ചെസ്റ്റ് തുറക്കാൻ സാധിക്കാത്തതിനാലാണ് ചെക്ക് ബാങ്കിൽ നൽകാൻ കഴിയാഞ്ഞത് എന്ന മറുപടി ലഭ്യമാക്കി.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി – 19, 21/16-02-2023

1-29 ട്രഷറി അക്കൗണ്ടിൽ നിന്നും കുറവ് ചെയ്ത 186280/- രൂപ തിരികെ ലഭിച്ചില്ല.

STSB A/c നം 799012900000330 ൽ നിന്നും 28/12/2021 ൽ കുറവ് ചെയ്ത 182200/- രൂപയും LGTSB A/c നം 799013000000663 ൽ നിന്നും 31/03/2021 ൽ കുറവ് ചെയ്ത 4080/- രൂപയും ഉൾപ്പടെ 186280/-രൂപ ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് തീയതി വരെ തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 22/16-02-2023

1-30 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - ലേല നടപടികൾ സ്വീകരിച്ച് വില ഈടാക്കണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | 55/22 |
| പ്രോജക്ടിന്റെ പേര് | തുമ്പമൺതൊടി-ഓയിൽപാം റോഡ്, കൾവർട്ട്, സൈഡ് വാൾ നിർമ്മാണം. |
| നിർവഹണം | അസി. എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 10,00,000/- (MGR) |
| കരാറുകാരൻ | ഷിബു.വി. (711231.91 രു.) |
| എഗ്രിമെന്റ് നം./ തീയതി | 11/AE/LSGD/CHRA/21-22/16.8.2021 |
| എം.ബുക്ക് നം. | 58/21-22 |
| ബിൽ നം,/തീയതി, തുക | 2/21-22/22.3.22 , 755204/-രൂ. |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അപ്പൻഡിക്സ് 2 -സൈഡ് വാൾ- ഇനം നം. 1- Code 11.1.1.1-"Excavation For Structures- Earthwork In Excavation For Structures As Per Drawing And Technical Specifications Clause 305.1 Including Setting Out, Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material And Disposal Upto A Lead Of 50m, Dressing Of Sides And Bottom And Backfilling In Trenches With Excavated Suitable Material. Ordinary Soil Upto 3m Depth" എന്ന എം.ബുക്ക്

പേജ് നം. 15 പ്രകാരം 60.228 M3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിൽ നിന്നും എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തി, 42m3 കുഴിച്ചെടുത്ത മണ്ണ് പാർശ്വഭിത്തിയുടെ വശങ്ങളിൽ നിറച്ചതിന് 425.86 രൂ/m3 നിരക്കിൽ 17886.12 രൂ. കരാറുകാരന് നൽകിയിട്ടുണ്ട് (എം. ബുക്ക് പേജ് നം. 35). എന്നാൽ, അവശേഷിക്കുന്ന 18.228m3 മണ്ണ് ഫില്ലിംഗിന് ഉപയോഗയോഗ്യമല്ല എന്നോ, മറ്റെവിടെയെങ്കിലും ഉപയോഗിച്ചിട്ടുണ്ടെന്നോ അസി. എഞ്ചിനീയർ എം.ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/10.2.23) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണിൽ ഉപയോഗിക്കാത്തതായ 18.228m3 മണ്ണ് മറ്റൊരാവശ്യത്തിന് ഉപയോഗിച്ചിട്ടില്ല എന്നും ആയത് പ്രസ്തുത സ്ഥലത്തുതന്നെ കൂട്ടിയിട്ടിട്ടുള്ളതാണെന്നും പരാമർശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്ന 18.228 M3 മണ്ണ് ലേലം ചെയ്യുന്നതിനും മണ്ണിന്റെ വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിനും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-31 ലൈഫ് വായ്പ തുകയുടെ അക്കൗണ്ടിംഗിൽ അപാകത

2021-22 സാമ്പത്തിക വർഷത്തെ ലൈഫ് വായ്പ തുകയുടെ വിനിയോഗം സംബന്ധിച്ച് വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

എ) വായപയിനത്തിൽ ലഭ്യമായതുകയിൽ നിന്നും അധികമായി 868875/- രൂപ ചെലവഴിച്ചു

2020-21 വർഷം വായപ വിതരണ ബാക്കി =10180940/-

2021-22 വർഷം വായ്പ ഇനത്തിൽ ലഭിച്ച തുക =3120000/-

2021-22 ൽ ലഭ്യമായ ആകെ തുക = 13300940/-

2021-22 ൽ വിതരണം ചെയ്ത തുക = 14169815/-

അധികമായി ചെലവഴിച്ച വായ്പ തുക = 868875/-

2021-22 ൽ വിതരണം ചെയ്ത വായ്പ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ട് | ചെലവ് തുക (രൂപ) |
|---|---|
| 103/21-22 ലൈഫ് ഭവന നിർമ്മാണം വാർഡ് 13-23 വരെ സ്പിൽ ഓവർ | 2880000/- |
| 114/21-22 ലൈഫ് ഭവന നിർമ്മാണം വാർഡ് 1-12 വരെ സ്പിൽ ഓവർ | 5940000/- |
| 78/21-22 ലൈഫ് ഫേസ് 3 വാർഡ് 1-12 വരെ എസ് സി | 160000/- |
| 69/21-22 ലൈഫ് ഭൂമി വാങ്ങലും ഭവന നിർമ്മാണം വാർഡ് 13-23 വരെ എസ് സി | 160000/- |
| 115/21-22ലൈഫ് ഭവന നിർമ്മാണം വാർഡ് 1-12 വരെ സ്പിൽ ഓവർ എസ്. സി | 4240000/- |
| 104/21-22ലൈഫ് ഭവന നിർമ്മാണം വാർഡ് 13-23 വരെ എസ് സി | 600000/- |
| 107/21-22ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം | 289815/- |
| 103/21-22 തിരിച്ചടച്ച തുക | - 100000/- |
| 2021-22 ൽ വായ്പ ഇനത്തിൽ വിതരണം ചെയ്ത തുക | 14169815/- |

ബി) ലൈഫ് ലോൺ വിതരണ ബാക്കി - വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല

1) 2021-22 ൽ മുന്നിരുപ്പായ ലൈഫ് ലോൺ വിതരണ ബാക്കിയിൽ 10000000/-രൂപയുടെ വ്യത്യാസം

വാർഷിക കണക്ക് പ്രകാരം 2021-22 ൽ മുന്നിരുപ്പായ ലൈഫ് ലോൺ വിതരണ ബാക്കി = (Secured

Loan – Prepaid Programme Expense ) = 100544273-100363333= 180940

ലോൺ രജിസ്റ്റർ പ്രകാരം 2021-22 ൽ മുന്നിരുപ്പായ ലൈഫ് ലോൺ വിതരണ ബാക്കി =10180940/-

മുന്നിരുപ്പിലെ വ്യത്യാസം = 10000000/-

2020-21 സാമ്പത്തിക വർഷം ലൈഫ് ലോൺ ഇനത്തിൽ 29510000/- വരവും 19510000/-ചെലവും ഉണ്ട്. ആയതിനാൽ Prepaid Programme Expense ശീർഷകത്തിന് 19510000/-രൂപയാണ് ഡെബിറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 29510000/- രൂപഡെബിറ്റ് ചെയ്തതിനാലാണ് 2021-22 മുന്നിരുപ്പിൽ 10000000/-രൂപയുടെ വ്യത്യാസം വന്നത്

2) 2021-22 ൽ Prepaid Programme Expense ശീർഷകത്തിന് ലൈഫ് ലോൺ വിതരണതുക രേഖപ്പെടുത്തിയതിൽ 12948834/-രൂപയുടെ വ്യത്യാസം

2021-22 ൽ വായ്പ ഇനത്തിൽ 14169815/- രൂപയാണ് വിതരണം ചെയ്തത് എന്നാൽ Prepaid Programme Expense ശീർഷകത്തിൽ 1320981 രൂപ വിതരണം ചെയ്തതായും 100000/-രൂപ തിരികെ വന്നതായും രേഖപ്പെടുത്തി ആയതിനാൽ ആകെ 1220981/-രൂപയുടെ ചെലവ് മാത്രമേ Programme Expense ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .തൻമൂലം 2021-22 ൽ Prepaid Programme Expense ശീർഷകത്തിന് ലൈഫ് ലോൺ വിതരണതുക രേഖപ്പെടുത്തിയതിൽ 12948834/-രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്

സി. ലൈഫ് ലോൺ തിരിച്ചടവ് -6000/-രൂപ വ്യത്യാസം

2020-21 ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക = 100544273

2021-22 ലോൺ ഇനത്തിൽ ലഭിച്ച തുക = 3120000/-

ആകെ = 103664273

2021-22 ൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക = 12701333

2021-22 ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക = 90962940/-

2021-22 വാർഷിക കണക്ക് പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക =90956940

വ്യത്യാസം = 6000/-

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 06/14-02-2023

## 1-32 വിവിധ അക്കൗണ്ട് ശീർഷകങ്ങളിലെ അക്കൗണ്ടിംഗിലെ അപാകത

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ വിവിധ അക്കൗണ്ട് ശീർഷകങ്ങളിലെ രേഖപ്പെടുത്തലുകളിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ട് ശീർഷകം 320300199 ലൈഫ് സ്റ്റേറ്റ് ഷെയർ - 100000/- രൂപ ചെലവ് രേഖപ്പെടുത്തിയില്ല

| വാർഷിക കണക്ക് പ്രകാരം ഉള്ള ചെലവ് | യഥാർത്ഥ ചെലവ് | |
|---|---|---|
| | പ്രോജക്ട് നം | തുക |
| | 103/21-22ലൈഫ് ഭവന നിർമ്മാണം വാർഡ് 13-23 വരെ സ്പിൽ ഓവർ | 3000000 |
| | 114/21-22ലൈഫ് ഭവന നിർമ്മാണം വാർഡ് 1-12 വരെ സ്പിൽ ഓവർ | 1040000 |
| | 19/21-22ലൈഫ് ഭവന നിർമ്മാണം വാർഡ് 13-23 | 1440000 |

| | | |
|---|---|---|
| | വരെ | |
| | 66/21-22ലൈഫ് ഫേസ് 3 വാർഡ് 1-12 വരെ | 320000 |
| | 78/21-22ലൈഫ് ഫേസ് 3 വാർഡ് 1-12 വരെ എസ് സി | 2400000 |
| | 69/21-22ലൈഫ് ഭൂമി വാങ്ങലും ഭവന നിർമ്മാണം വാർഡ് 13-23 വരെ എസ് സി | 1440000 |
| | 75/21-22ലൈഫ് ഭവന നിർമ്മാണം എസ്.റ്റി | 3842000 |
| | 111/21-22ലൈഫ് ഭവന നിർമ്മാണം വാർഡ് 1-12 വരെ സ്പിൽ ഓവർ | 100000 |
| | 115/21-22ലൈഫ് ഭവന നിർമ്മാണം വാർഡ് 1-12 വരെ സ്പിൽ ഓവർ<br>എസ്. സി | 500000 |
| | 104/21-22ലൈഫ് ഭവന നിർമ്മാണം വാർഡ് 13-23 വരെ എസ് സി | 900000 |
| 14882000 | ആകെ | 14982000 |

വ്യത്യാസം = 100000/-

2) <u>അക്കൗണ്ട് ശീർഷകം 320100115 (Total Sanitation Campaign ) ൽ - 591800/- രൂപ ചെലവ് രേഖപ്പെടുത്തിയില്ല</u>

സമ്പൂർണ സുചിത്വം, സ്വച്ച് ഭാരത് മിഷൻ , മഴക്കാല പൂർവ ശുചീകരണം എന്നിവയുടെ വരവ് -ചെലവുകൾ അക്കൗണ്ട് ശീർഷകം 320100115 ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ചെലവ് രേഖപ്പെടുത്തിയതിലെ കുറവ് ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരം ഉള്ള ചെലവ് | യഥാർത്ഥ ചെലവ് | |
|---|---|---|
| | പ്രോജക്റ്റ് നം | തുക |
| | 102/21-22 ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം | 42000 |
| | 100/2-22 വളവ് പച്ച് പോലീസ് സ്റ്റേഷൻ പൊതു ടോയേലറ്റ് നിർമ്മാണം | 169431 |
| | 160/21-22 കക്കൂസ് മെയിന്റനൻസ് | 150000 |
| | 158/21-22 കക്കൂസ് നിർമ്മാണം | 1140000 |
| | 146/21-22 ഗാർഹിക ബയോബിൻ വിതരണം | 429300 |
| | 159/21-22 ബയോഗ്യാസ് പ്ലാന്റ് വിതരണം | 252000 |
